VOL NO: 04 | ISSUE 37
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 SEPTEMBER 12 | 1442 MUHARRAM 24 | ₹12

വാരിക



## ഹുജ്‌റത്തുശ്ശരീഫ കൊള്ളയടിച്ചത് വഹാബികളോ തുർക്കികളോ...?

മുസ്‌ലിം സമൂഹത്തിന്റെ പേരിൽ ഉപജീവിച്ച ശിർക്കിന്റെയും അന്ധവിശ്വാസങ്ങളുടെയും മൗഢ്യഗോപുരങ്ങളായിരുന്നു ശൈഖ് മുഹമ്മദ്ബ്‌നു അബ്ദുൽ വഹാബിന്റെയും അനുയായികളുടെയും ആദർശപടയോട്ടത്തിലൂടെ തകർന്നുവീണത്. ഇതിൽ വിറളിപൂണ്ട ഹിജാസിലെ ശിയാക്കളും തുർക്കിയിലെ പാഷമാരും സംയുക്തമായി മെനഞ്ഞെടുത്തതായിരുന്നു റസൂലിന്റെ റൗദയുൾക്കൊള്ളുന്ന മദീനയിലെ ഹുജ്‌റത്തുശ്ശരീഫ കൊള്ളയടിച്ചു എന്ന വ്യാജ ആരോപണം. സ്വൂഫിസത്തെ താലോലിക്കുന്ന ബറേലവി സുന്നികളിലെ ചിലർ ഈ ആരോപണം പൊടിതട്ടിയെടുത്തതിന്റെ പിന്നിലെ ഉദ്ദേശ്യമെന്ത്?

**ദൈവവിശ്വാസികളായ ശാസ്ത്രജ്ഞർ**
**ദുരന്തങ്ങളിൽ വിശ്വാസികൾക്കൊരു മാർഗരേഖ**

## എഴുതാപ്പുറം വായിക്കുന്ന പണ്ഡിതന്മാർ

സമുദായത്തെ നേർവഴിക്ക് നടത്തേണ്ടവരാണ് പണ്ഡിതന്മാർ. എന്നാൽ സാധാരണക്കാരെ അപഥ സഞ്ചാരങ്ങൾക്ക് പ്രേരിപ്പിക്കുകയോ അതിലേക്ക് മാർഗം കാണിക്കുകയോ ചെയ്യുന്നവരായി മാറിയിരിക്കുന്നു പലരുമിന്ന്. പ്രമാണങ്ങളിലെ പരിചയക്കുറവാണോ കാരണം, അതോ കേവലം ഭൗതികമോഹങ്ങളോ?



മാനസിക
സമ്മർദങ്ങൾക്ക്
സ്നേഹ സാന്ത്വനം
WISDOM YOUTH
WISDOM
alive
COUNSELLING DESK
കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം
മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
വിളിക്കേണ്ട സമയം : 9 AM to 5 PM
വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ,
ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ
തുടങ്ങിയവരുടെ സേവനം.
WISDOM HEALTHCARE
Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut
wisdomyouth

നേർപഥം
വാരിക

0191 / 2020 സെപ്തംബർ 12 / 1442 മുഹർറം 24 / പുസ്തകം 04 / ലക്കം 37




# ഹുജ്റത്തുശ്ശരീഫ കൊള്ളയടിച്ചത് വഹാബികളോ തുർക്കികളോ...?

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ


**മുഖമൊഴി**

എഴുതാപ്പുറം വായിക്കുന്ന പണ്ഡിതന്മാർ / 05

**ജാലകം**

സൂം മീറ്റിംഗ് / 06
- സി

**ക്വുർആൻ ദർശനം**

സ്വഫ്ഫ് (അണി), ഭാഗം: 3 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കവിത**

യുവതയോട് / 34
ശാക്കിറ ടി.കെ, കൊല്ലം

**ലേഖനം**

പ്രകാശത്തിന്നുമേൽ പ്രകാശം / 07
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

ദുരന്തങ്ങളിൽ വിശ്വാസികൾക്കൊരു മാർഗരേഖ / 21
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

ദൈവവിശ്വാസികളായ ശാസ്ത്രജ്ഞർ / 26
ഡോ.സബീൽ പട്ടാമ്പി

**ചർച്ച**

വിവാഹപ്രായം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ? / 18
നേർപഥം വൈജ്ഞാനിക സംവാദം / ഭാഗം 2



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

വായനക്കാർ എഴുതുന്നു

# ദുരന്തങ്ങൾ നമ്മോട് പറയുന്നത്

ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കരിപ്പൂർ വിമാനത്താവളത്തിൽ വിമാനാപകടമുണ്ടായപ്പോൾ നടന്ന രക്ഷാപ്രവർത്തനം പകർന്നുനൽകുന്ന പാഠം ചെറുതല്ല. ആളുകൾ നിമിഷനേരം കൊണ്ട് തടിച്ചുകൂടി. കോവിഡിന്റെ എല്ലാ പ്രതികൂലതകളെയും അവഗണിച്ചുകൊണ്ട് ജീവൻ രക്ഷിക്കുവാനുള്ള അവരുടെ ശ്രമത്തെ എങ്ങനെ ശ്ലാഘിച്ചാലും മതിയാകില്ല. മനുഷ്യത്വം എന്ന ഉദാത്തഗുണത്തിന്റെ പ്രാവർത്തിക രൂപമാണ് നമുക്കവിടെ ദർശിക്കാൻ സാധിച്ചത്. ആയിരങ്ങളാണ് അങ്ങോട്ട് ഒഴുകിയെത്തിയത്. അവരാരും കാഴ്ചക്കാരായി നോക്കിനിൽക്കാനും മൊബൈലിൽ രംഗം പകർത്താനുമല്ല പാഞ്ഞെത്തിയത്; ഇന്ന് പലപ്പോഴും അതാണല്ലോ സംഭവിക്കാറുള്ളത്. അവരുടെ പരിശ്രമങ്ങൾ വളരെ ഫലവത്താവുകയും ചെയ്തു.

ജാതിയും മതവും നോക്കാതെ, മനുഷ്യർ എന്ന പരിഗണന മാത്രം നൽകി അവർ പേമാരി കുത്തി ച്ചൊരിയുന്ന ആ രാത്രിയിൽ അപകടത്തിൽ പെട്ടവർക്കുവേണ്ടി പണിയെടുത്തു! ഒരു ജീവൻ രക്ഷിക്കാൻ കഴിഞ്ഞാൽ അത്രയും ആയി എന്ന മട്ടിൽ അവർ അവിശ്രമം കർമനിരതരായി. ഔദ്യോഗിക രക്ഷാദൗത്യസേന പ്രവർത്തനസജ്ജമാകും മുമ്പ് നാട്ടുകാരുടെ ഈ അനൗദ്യോഗിക രക്ഷാപ്രവർത്തനം നടന്നത് തെല്ലൊന്നുമല്ല ആശ്വാസം പകർന്നത്.

മനുഷ്യത്വത്തിന്റെ ഈ കേരള മാതൃക എന്നും ലോകം ഓർക്കും. കഴിഞ്ഞ രണ്ടുവർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിലും ഈ മനുഷ്യത്വത്തിന്റെ ബഹിർസ്ഫുരണം നാം കണ്ടതാണ്.

മനുഷ്യൻ അല്ലാഹു ആദരിച്ച ഒരു സൃഷ്ടിയാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനംനൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

എങ്കിൽ മനുഷ്യർ പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതല്ലേ? ഈ ആദരവ് എവിടെ നഷ്ടപ്പെടുന്നുവോ അവിടെനിന്നു തുടങ്ങുന്നു സമൂഹത്തിന്റെ നാശം. ലോകത്ത് അടിമ സമ്പ്രദായവും കൊളോണിയൽ സമ്പ്രദായവും സ്വേച്ഛാധിപത്യവും സമ്മാനിച്ചത് മനുഷ്യർക്കിടയിൽ വിഭജനം സൃഷ്ടിക്കുകയും അടിച്ചമർത്തുകയും മാനുഷികമൂല്യങ്ങളെ ചവിട്ടിമെതിക്കുകയും മനുഷ്യരെ നിന്ദിക്കുകയും ചെയ്തു എന്നുള്ളതാണ്.

കാലപ്രവാഹത്തിൽ ഇത്തരം ജീർണതകൾ ഒരുപരിധിവരെയെങ്കിലും ഒലിച്ചുപോയി. മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കുന്ന നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടു. മനുഷ്യാവകാശ സംഘടനകൾ ഇന്ന് എല്ലാ രാജ്യങ്ങളിലുമുണ്ട്. ആഗോളതലത്തിലും പ്രവർത്തിക്കുന്നുണ്ട്.

പറഞ്ഞുവന്നത് കേരളത്തിലെ ജനങ്ങളുടെ മനുഷ്യസ്നേഹത്തെ കുറിച്ചാണ്. ദുരന്തമുഖത്ത് എല്ലാ അഭിപ്രായവ്യത്യാസങ്ങളും വിഭാഗീയതയും മറന്ന് പ്രവർത്തിക്കുന്ന മലയാളികൾക്കിടയിൽ ഇടയ്ക്കിടെ രാഷ്ട്രീയ പകപോക്കലുകൾ നടക്കുന്നത് എന്തുകൊണ്ടാണ്? മനുഷ്യരെ വളഞ്ഞിട്ട് അടിച്ചുവീഴ്ത്തി കൊത്തിനുറുക്കാനുള്ള ധൈര്യവും പ്രചോദനവും എവിടെനിന്നാണിവർക്ക് ലഭിക്കുന്നത്? ആരാണ് ഇവർക്ക് പിൻബലം നൽകുന്നത്? ദുരന്തമുഖങ്ങളിൽ സ്വജീവൻ പോലും അപകടത്തിലാകുമെന്നറിഞ്ഞുകൊണ്ട് മറ്റുള്ളവരെ രക്ഷിക്കാനിറങ്ങുന്ന മലയാളികൾക്ക് ഒരു സഹോദരെ വടിവാളുകൊണ്ട് അരിഞ്ഞുവീഴ്ത്താൻ കഴിയുന്നതെങ്ങനെയാണ്?

ആവർത്തിക്കരുത് ഇത്തരം മനുഷ്യക്കുരുതികൾ. അത് പ്രബുദ്ധകേരളത്തിന് അപമാനമാണ്. മാറണം നാം. വിചാരിക്കേണ്ടവർ വിചാരിച്ചാൽ ഇതിന് അറുതിവരുത്താൻ കഴിയുമെന്നതിൽ സംശയമില്ല.

**-സ്വാദിക് അലി. പി, ജാമിഅ അൽഹിന്ദ്**

# എഴുതാപ്പുറം വായിക്കുന്ന പണ്ഡിതന്മാർ

മുസ്‌ലിം സമുദായം മറ്റെല്ലാ ജനസമൂഹങ്ങൾക്കും എല്ലാ നന്മയിലും മാതൃകയായിരിക്കേണ്ടവരാണ്. അവരിൽ സംഭവിക്കുന്ന ഏതൊരു തിന്മയും ഇസ്‌ലാമിന്റെ പേരിലായിരിക്കും പൊതുവെ മറ്റുള്ളവർ വിലയിരുത്തുക. വിശിഷ്യാ പ്രബോധകന്മാരുടെ വാക്കിലും പ്രവൃത്തിയിലുമൊക്കെ അറിഞ്ഞോ അറിയാതെയോ സംഭവിക്കുന്ന തെറ്റുകൾ ഏറെ ശ്രദ്ധിക്കപ്പെടും. അവർ ഇസ്‌ലാമികാദർശത്തിനും ഇസ്‌ലാമിക ചരിത്ര വസ്തുതകൾക്കും എതിരായ കാര്യം പറഞ്ഞാൽ അത് ഇസ്‌ലാമിനെ തെറ്റുധരിക്കാൻ കാരണമാകുമെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു..." (ക്വുർആൻ 3:110).

ജനങ്ങളോട് സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യേണ്ട പണ്ഡിതന്മാർ ദുരാചാരത്തിന്റെ പ്രചാരകരായി മാറുന്നത് വലിയ അനർഥം വരുത്തിവയ്ക്കുമെന്നതിൽ സംശയമില്ല.

ഈയിടെയായി കേരളത്തിലെ ചില പണ്ഡിതന്മാർ മുസ്‌ലിം സമൂഹത്തെയും ഇസ്‌ലാമിനെയും അപമാനിക്കുന്ന രൂപത്തിൽ പ്രസംഗിക്കുന്നതിൽ മത്സരിക്കുകയാണോ എന്ന് തോന്നുകയാണ്. കോവിഡ് കാലമായതിനാൽ വലിയ ജനക്കൂട്ടത്തിനു മുന്നിൽ പ്രഭാഷണം നടത്താൻ സൗകര്യമില്ലെങ്കിലും സമൂഹമാധ്യമങ്ങൾ വഴി അവർ സ്വന്തം അജ്ഞതയുടെ ആഴം തുറന്നുകാട്ടുകയാണ്. അവർക്ക് അസ്പൃശ്യരായവരെ, അഥവാ അവരുടെ ആദർശരാഹിത്യത്തെ തുറന്നുകാട്ടുന്നവരെ അപകീർത്തിപ്പെടുത്തുംവിധം വ്യാജമായ ആരോപണങ്ങൾ ഉന്നയിക്കുന്നു. പ്രവാചകന്മാരുടെ മുകളിൽ സ്വന്തം ശൈഖുമാരെ പ്രതിഷ്ഠിക്കുവാൻ ശ്രമിക്കുന്നു. എന്തിനേറെ സ്രഷ്ടാവായ അല്ലാഹുവിനു മാത്രം ചെയ്യാൻ കഴിയുന്ന പല കാര്യങ്ങളും അവർ മഹാന്മാർ എന്ന് വിധിയെഴുതുന്നവർക്ക് ചെയ്യാൻ കഴിയുമെന്ന് വീമ്പിളിക്കുന്നു. ഇതെല്ലാം കാണുന്ന ഇതരമതസ്ഥർ ഇസ്‌ലാമിനെ എങ്ങനെ വിലയിരുത്തുമെന്ന് ചിന്തിക്കുക.

മാവേലിയെ സ്വഹാബിയായി വ്യാഖ്യാനിച്ചതും ജ്യൂസ് ജൂതനിർമിതിയായതിനാൽ മുസ്‌ലിംകൾ കുടിക്കരുതെന്നു പറഞ്ഞതുമൊക്കെ കേട്ട് നമുക്ക് ലജ്ജിച്ചു തലതാഴ്ത്തേണ്ടിവന്നു. മരണപ്പെട്ടുപോയ ശൈഖു വന്ന് തകരാൻ പോകുന്ന വിമാനത്തിന്റെ നിയന്ത്രണമേറ്റെടുത്ത് അപകടം ഒഴിവാക്കിയതും മരണപ്പെട്ട മുസ്‌ല്യാരെ തങ്ങൾകുടുംബത്തിലെ ഒരാൾ വിളിച്ചുണർത്തി ജീവിതത്തിലേക്ക് കൊണ്ടുവന്നതും ഉൾപ്പെടെ എത്രയെത്ര 'തള്ളലു'കളാണ് നാം കേട്ടുകഴിഞ്ഞത്. ഇവരെയൊക്കെ പിന്താങ്ങുവാൻ കുറെ അണികളുണ്ടെന്നത് ഇവരുടെ ദുഷ്പ്രബോധനം എത്രമാത്രം വേരോടിക്കഴിഞ്ഞിട്ടുണ്ട് എന്നാണ് വ്യക്തമാക്കുന്നത്. യഥാർഥ ദൈവാരാധനയിൽനിന്ന് സൃഷ്ടിപൂജയിലേക്ക് ജനങ്ങളെ നയിക്കുന്ന പണ്ഡിതവേഷധാരികളും അവരെ പിൻപറ്റുന്നവരും അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ച് മനസ്സിരുത്തി ചിന്തിക്കുന്നത് നന്നായിരിക്കും:

"പറയുക: രക്ഷിതാവായിട്ട് അല്ലാഹുവല്ലാത്തവരെ ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും രക്ഷിതാവാണ്. ഏതൊരാളും ചെയ്തുവെക്കുന്നതിന്റെ ഉത്തരവാദിത്തം അയാൾക്ക് മാത്രമായിരിക്കും. ഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ചുമക്കുന്നതല്ല. അനന്തരം നിങ്ങളുടെ രക്ഷിതാവിങ്കലേക്കാണ് നിങ്ങളുടെ മടക്കം. ഏതൊരു കാര്യത്തിൽ നിങ്ങൾ അഭിപ്രായഭിന്നത പുലർത്തിയിരുന്നുവോ അതിനെപ്പറ്റി അപ്പോൾ അവൻ നിങ്ങളെ അറിയിക്കുന്നതാണ്" (ക്വുർആൻ 6:164).

-സി.
mail@nerpatham.com

# സൂം മീറ്റിംഗ്

സാമാന്യം മെച്ചപ്പെട്ട നിലയ്ക്ക് ഈ ലോക്ഡൗൺ കാലത്തും പ്രവർത്തിച്ചുവരുന്ന ഒരു പ്രൈമറി മദ്‌റസയുടെ രക്ഷാകർതൃയോഗത്തിൽ രക്ഷിതാക്കൾക്ക് പത്തുമിനുട്ടുനേരം സദുപദേശം കൊടുക്കാൻ വേണ്ടി അധ്യാപക സുഹൃത്തുക്കൾ ക്ഷണിച്ചപ്പോൾ സന്തോഷത്തോടെ ക്ഷണം സ്വീകരിച്ചു. സൂം മീറ്റിംഗായതിനാൽ വീട്ടിലിരുന്ന് പങ്കെടുത്താൽ മതിയല്ലോ. പറഞ്ഞ സമയത്തുതന്നെ ഓൺലൈനിൽ കയറിയപ്പോൾ കേട്ടത് രക്ഷിതാക്കളുടെ ബഹളമാണ്. മദ്‌റസാഭാരവാഹികളും രക്ഷിതാക്കളും തമ്മിൽ വാക്പയറ്റു നടത്തുന്നു. അൽപനേരം കാതോർത്തപ്പോൾ കാര്യം മനസ്സിലായി. 'ഓൺലൈൻ ക്ലാസ്സിന് എന്തിനാ ഫീസ്? നിർബന്ധമാണെങ്കിൽ പകുതി തരാം. എന്റെ മൂന്നു കുട്ടികൾക്ക് നൂറ്റമ്പത് രൂപ മാസാന്തം തരാനിനി പറ്റില്ല. നിർബന്ധമാണെങ്കിൽ നൂറുരൂപ തരാം...' ഈ രൂപത്തിലാണ് ചില രക്ഷിതാക്കൾ സംസാരിക്കുന്നത്. 'ഒരു കുട്ടിക്ക് ഏറിയാൽ നിങ്ങൾ തരുന്ന ഫീസ് നൂറുരൂപയാണ്. അതും അപൂർവം രക്ഷിതാക്കൾ മാത്രം. ഇതിൽ കുറച്ചാൽ ഞങ്ങളെങ്ങനെ ഈ സ്ഥാപനം നടത്തിക്കൊണ്ട് മുന്നോട്ടു പോകും' എന്നാണ് കമ്മിറ്റി ഭാരവാഹി ചോദിക്കുന്നത്. ഞാൻ വീഡിയോ ഓൺ ചെയ്തതോടെ ബഹളം തെല്ലൊന്ന് അടങ്ങി. 'ഉദ്ബോധകൻ' വന്നതുകൊണ്ട് ഇനി അതിലേക്ക് കടക്കാം എന്നായി ബഹളക്കാരിൽ ചിലർ! വേഗം അവസാനിക്കുകയും ചെയ്യുമല്ലോ.

ആളുകൾക്ക് ഉപദേശങ്ങൾ കേൾക്കുക എന്നത് ഒരു ചടങ്ങാണ്. ആഴ്ചയിൽ ഒരു വെള്ളിയാഴ്ച പള്ളിയിൽ പോയി രണ്ടു റക്അത്ത് നമസ്‌കരിച്ചില്ലെങ്കിൽ മഹല്ലിൽനിന്നു പുറത്താക്കുമോ എന്ന പേടിപോലെ, കുട്ടിയെ ചെറുപ്പത്തിൽ മദ്‌റസയിലേക്ക് വിട്ടില്ലെങ്കിൽ സമുദായത്തിന് പുറത്താകുമോ എന്ന് പേടിക്കുന്നു പലരും. അതിനാണ് പലർക്കും ഈ മതപഠനമെന്ന ചടങ്ങ്! മദ്‌റസാ പഠനത്തെ ഗൗരവമായി കാണുന്ന രക്ഷിതാക്കൾ ധാരാളമുണ്ട് എന്ന് വിസ്മരിക്കുന്നില്ല. ഫീസ് കൊടുക്കാതിരിക്കാൻ കലഹിക്കുന്ന ഇതേ രക്ഷിതാക്കളുടെ ഇതേ മക്കൾ തന്നെ മെച്ചപ്പെട്ട സ്വകാര്യ സ്‌കൂളുകളിൽ ഓൺലൈൻ ക്ലാസ്സിന്ന് ആയിരങ്ങൾ ഓൺലൈനായി ഫീസടക്കുന്നുണ്ട് എന്നത് വിധി വൈപരീത്യമാണ്. ഭൗതിക വിദ്യാഭ്യാസം അനിവാര്യവും ഏറെ ശ്രദ്ധപുലർത്തേണ്ടതുമാണെന്ന് മറക്കുന്നില്ല. വരുംതലമുറകൾ ഇവിടെ അഭിമാനത്തോടെ തലയുയർത്തി ജീവിക്കണമെങ്കിൽ ഭൗതിക വിദ്യാഭ്യാസത്തിൽ നല്ല മുന്നേറ്റം അനിവാര്യം തന്നെ. എന്നാൽ അങ്ങനെ കിട്ടുന്ന ഐ.എ.എസ്സും ഐ.പി.എസ്സും മറ്റും മരണത്തോടെ അവസാനിക്കുമെന്നും, നേരും നെറികേടും തിരിച്ചറിയാനാവശ്യമായ മതവിജ്ഞാനം ഇഹലോകത്തെന്നപോലെ ശാശ്വതമായ പരലോകജീവിതത്തിന്നും കൂടി ആവശ്യമുള്ളതാണെന്നുമുള്ള തിരിച്ചറിവ് ഇല്ലാതെപോകുന്നതാണ് പ്രശ്‌നം.

കഴുത്തിൽ മണികെട്ടിയ പശുക്കിടാവ് ഓടുന്തോറും കിലുങ്ങുകയും കിലുങ്ങുന്തോറും ഓടുകയും ചെയ്യും എന്ന് പറയുന്നതുപോലെയാണ് മതവിദ്യാഭ്യാസരംഗത്തെ ഇന്നത്തെ അവസ്ഥ. രക്ഷിതാക്കൾ ഗൗരവത്തോടെയും പ്രധാന്യപൂർവവും മദ്‌റസാമേഖലയെ കാണാതിരിക്കുന്നു. അപ്പോൾ മതപഠനരംഗം മുരടിക്കുന്നു. കഴിവുള്ള അധ്യാപകർ രംഗത്ത് വരാതിരിക്കുന്നു. തന്മൂലം മക്കൾ അറിവില്ലാത്തവരായി മാറുന്നു. അറിവില്ലായ്മ മക്കൾ വഴിപിഴക്കാൻ കാരണമാകുന്നു. "...ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻശാപം ഏൽപിക്കുകയും ചെയ്യണമേ (എന്നും അവർ പറയും)" (ക്വുർആൻ 33:67-68).

ഈ വചനത്തിലെ 'അവർ' എന്നത് രക്ഷിതാക്കളും മതം പഠിപ്പിക്കുന്ന അധ്യാപകരും നാട്ടിലെയും കുടുംബത്തിലെയും മുതിർന്നവരുമാകുമോ എന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

സാമാന്യം നല്ല ബ്രാന്റിൽ കിട്ടുന്ന ഒരു പായ്ക്കറ്റ് ചോക്കലേറ്റിന്റെ തുകപോലും മാസാന്തം മതവിദ്യാഭ്യാസത്തിന്ന് ഫീസ് കൊടുക്കാൻ തയ്യാറില്ലാതെ തർക്കിക്കുന്ന രക്ഷിതാക്കളും, കിട്ടുന്ന കൂലിക്കത്ര മതി എന്ന് വിചാരിക്കുന്ന അധ്യാപകരും ചിന്തിക്കേണ്ട കാര്യമാണത്. പ്രവാചകന്റെ ജോലിയാണ് മതാധ്യാപകർ നിർവഹിക്കുന്നതെങ്കിൽ പ്രവാചകർക്ക് കൈത്താങ്ങുനൽകിയ സ്വഹാബികളുടെയും ഹവാരിയ്യുകളുടെയും റോളിലാണ് കമ്മിറ്റിയും രക്ഷിതാക്കളും എന്ന് മറക്കാതിരിക്കുക. കൊറോണയെക്കാൾ ഭീതിതമായി തിന്മകൾ മനുഷ്യരിലേക്ക് പടർന്നുപിടിക്കുന്ന ഇക്കാലത്ത് നല്ല ധർമജ്ഞാനവും ബോധവും നൽകിയില്ലെങ്കിൽ വ്യാജഭക്തിയുടെ മാസ്‌ക് ധരിച്ചിട്ട് കാര്യമില്ലെന്ന് നാം തിരിച്ചറിയുക.

ലേഖനം

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



മനുഷ്യൻ ക്വുർആനിൽ 8

# പ്രകാശത്തിന്നു മേൽ പ്രകാശം

"അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ ഉപമയിതാ: (ചുമരിൽ വിളക്ക് വെക്കാനുള്ള) ഒരു മാടം. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത്. സ്ഫടികം ഒരു ജ്വലിക്കുന്ന നക്ഷത്രംപോലെയിരിക്കുന്നു. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽ നിന്നാണ് അതിന് (വിളക്കിന്) ഇന്ധനം നൽകപ്പെടുന്നത്. അതായത് കിഴക്കുഭാഗത്തുള്ളതോ പടിഞ്ഞാറുഭാഗത്തുള്ളതോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽനിന്ന്. അതിന്റെ എണ്ണ തീ തട്ടിയില്ലെങ്കിൽ പോലും പ്രകാശിക്കുമാറാകുന്നു. (അങ്ങനെ) പ്രകാശത്തിനു മേൽ പ്രകാശം. അല്ലാഹു തന്റെ പ്രകാശത്തിലേക്ക് താൻ ഉദ്ദേശിക്കുന്നവരെ നയിക്കുന്നു. അല്ലാഹു ജനങ്ങൾക്കുവേണ്ടി ഉപമകൾ വിവരിച്ചുകൊടുക്കുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ" (ക്വുർആൻ 24:35).

പകൽ മുഴുവനും വെയിലേറ്റു നിൽക്കുന്ന ഒലീവു മരത്തിന്റെ എണ്ണ ഏറ്റവും ശുദ്ധമായിരിക്കും. ജന്മനാ മനുഷ്യൻ ശുദ്ധപ്രകൃതിയിലാണുള്ളത്. ആ പ്രകൃതി ഒരു നിലയ്ക്കും മലിനമാകാതെ, അതിലേക്ക് ദൈവവിശ്വാസവും അവനെ സംബന്ധിച്ചുള്ള ജ്ഞാനവും പ്രവേശിക്കുന്നതോടെ അതിന് വെളിച്ചം കൂടി. പ്രകൃത്യാ ശുദ്ധമായ ഒലീവെണ്ണ വിളക്കിലൊഴിച്ച് തിരികത്തിച്ച പോലെ ഇരുട്ട് പോയി പ്രകാശം വന്നു. തനിക്കു ലഭിച്ച ജ്ഞാനത്തിന്നനുസരിച്ച് വിശ്വാസം (ഈമാൻ)

വർധിച്ചപ്പോൾ മനസ്സു മാലിന്യമുക്തമായി. തിളങ്ങുന്ന സ്ഫടികത്തെ പോലെ വിശുദ്ധിയുടെ വൈവിധ്യങ്ങളായ പ്രകാശം മേൽക്കുമേൽ കാണാറായി. ശുദ്ധ പ്രകൃതിയാൽ തിളങ്ങുന്ന ഹൃദയത്തിലേക്ക് ഈമാനിന്റെയും വിജ്ഞാനത്തിന്റെയും തിരിച്ചറിവിന്റെയും പ്രകാശങ്ങൾ ഒത്തുചേർന്നു. ഇതാണ് ഉപമയുടെ പൊരുൾ എന്നാണ് മനസ്സിലാകുന്നത്.

മനുഷ്യൻ ഏതു സാഹചര്യത്തിലാണെങ്കിലും ശുദ്ധപ്രകൃതിയിലാണ് ജനിക്കുന്നത്. പിന്നീട് അവന്റെ വളർച്ചയിൽ ഇടപെടുന്നവരാണ് ആ വിശുദ്ധിക്ക് കളങ്കമായ ശീലങ്ങളും ചിന്തകളും നൽകി അതിനെ മലിനമാക്കുന്നത്. എന്നാൽ ആ വിശുദ്ധിയെ പരിപോഷിപ്പിക്കുന്ന ഈമാനികബോധവും ദീനിജ്ഞാനവും ബോധവും നൽകിയാൽ ലോകത്തിന്ന് വെളിച്ചം നൽകാൻ മനുഷ്യന്ന് സാധിക്കുമെന്ന സൂചന ഈ ഉപമയിൽ കാണാം.

## മരീചികതേടി നിരാശപ്പെടുന്നർ

"അവിശ്വസിച്ചവരാകട്ടെ അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ" (ക്വുർആൻ 24:39).

സത്യനിഷേധിയുടെ മനസ്സിനെ വരണ്ട മരുഭൂമിയോട് ക്വുർആൻ ഉപമിച്ചു. എന്നാൽ യഥാർഥ ഈമാൻ ഉൾക്കൊണ്ട വിശ്വാസികളെ എക്കാലത്തും ഫലം നൽകുന്ന വൃക്ഷത്തിനോടാണ് അല്ലാഹു ഉപമിച്ചത്.

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിൻന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നതുമാകുന്നു. അതിന്റെ രക്ഷിതാവിന്റെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു. ദുഷിച്ച വചനത്തെ ഉപമിക്കാവുന്നതാകട്ടെ, ഒരു ദുഷിച്ച വൃക്ഷത്തോടാകുന്നു. ഭൂതലത്തിൽനിന്ന് അത് പിഴുതെടുക്കപ്പെട്ടിരിക്കുന്നു. അതിന്ന് യാതൊരു നിലനിൽപ്പുമില്ല" (ക്വുർആൻ 14:24-26).

അവിശ്വാസത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് പരലോകത്ത് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. മരുഭൂമിയിൽ കാണുന്ന മരീചിക വെള്ളമാണെന്ന് കരുതി അവിടെ ചെന്നു നോക്കിയാൽ നിരാശരാകുന്നവരുടെ അവസ്ഥയാണവർക്കുള്ളത്. എല്ലാ പ്രതീക്ഷകളും അസ്ഥാനത്താകും. ഒടുവിൽ നിരാശ മാത്രം ബാക്കിയാകും. സത്യവിശ്വാസവും,ആത്മാർഥതയും നിലനിർത്തിയുള്ള പ്രവർത്തനങ്ങൾക്കേ പ്രതീക്ഷക്ക് വകയുള്ളൂ.

## കൂരിരുട്ടിൽപെട്ട ഹതഭാഗ്യൻ

"അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനുമീതെ വീണ്ടും തിരമാല. അതിനുമീതെ കാർമേഘം. അങ്ങനെ ഒന്നിനുമീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല" (ക്വുർആൻ 24:40)

വിശ്വാസത്തിന്റെ പ്രകാശം ഒരാളുടെ ഹൃദയത്തിൽനിന്ന് നഷ്ടമായാൽ, പിന്നെ തന്റെ നിലപാടിലും പ്രവർത്തനത്തിലും സ്വഭാവത്തിലും വർത്തനങ്ങളിലും അത് പ്രകടമാവും. അറിവില്ലായ്മയും അവിവേകവും അവനെ നയിക്കും. ആകെക്കൂടി കൂരിരുട്ടാവും ജീവിതം. ആഴക്കടലിന്റെ സ്വഭാവികമായ ഇരുട്ടിൽ മുകൾപ്പരപ്പിലെ മേൽക്കുമേലുള്ള തിരമാലകളും മേഘംമൂടിയ അന്തരീക്ഷവും രാത്രിയുമായാൽ ഇരുട്ടിന്മേൽ ഇരുട്ടാവുന്ന പോലെ ഇത്തരം ആളുകളിൽ നന്മയുടെ വെളിച്ചം കാണുകയില്ല.

## എട്ടുകാലിയുടെ വീട്

"അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ!" (ക്വുർആൻ 29:41).

അല്ലാഹുവല്ലാത്തവരോട് വിളിച്ചുപ്രാർഥിക്കുന്നതിനെയും അവരിൽനിന്ന് ഗുണമോ ദോഷമോ പ്രതീക്ഷിക്കുന്നതിനെയും എട്ടുകാലി വലയോട് ഉപമിച്ചത് വ്യക്തമാണ്. കണ്ടാൽ വലിയതായി തോന്നുമെങ്കിലും എത്ര ദുർബലമാണ് ആ വല! ഇപ്രകാരം

ശിർക്കിന്റെ കൂടാരങ്ങളായ ദർഗകളും മറ്റു കേന്ദ്രങ്ങളും കൂടീരങ്ങളും അവയോടനുബന്ധിച്ച ഉൽസവച്ചടങ്ങുകളും എത്ര ഗംഭീരമായി തോന്നപ്പെട്ടാലും ഒന്നും ആർക്കും ചെയ്തുകൊടുക്കാൻ കഴിയാത്ത ദുർബല കേന്ദ്രങ്ങളാണവ എന്ന് ഈ ഉപമ വ്യക്തമാക്കുന്നു.

## അടിമയെപ്പോലെ

“നിങ്ങളുടെ കാര്യത്തിൽനിന്നു തന്നെ അല്ലാഹു നിങ്ങൾക്കിതാ ഒരു ഉപമ വിവരിച്ചുതന്നിരിക്കുന്നു. നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളിൽ ആരെങ്കിലും നിങ്ങൾക്ക് നാം നൽകിയ കാര്യങ്ങളിൽ നിങ്ങളുടെ പങ്കുകാരാകുന്നുണ്ടോ? എന്നിട്ട് നിങ്ങൾ അന്യോന്യം ഭയപ്പെടുന്നത് പോലെ അവരെ(അടിമകളെ)യും നിങ്ങൾ ഭയപ്പെടുമാറ് നിങ്ങളിരുകൂട്ടരും അതിൽ സമാവകാശികളാവുകയും ചെയ്യുന്നുണ്ടോ? ചിന്തിച്ചു മനസ്സിലാക്കുന്ന ജനങ്ങൾക്കുവേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു” (ക്വുർആൻ 30:28).

സൃഷ്ടികളെ ആരാധിക്കുകയും അവരിൽനിന്ന് രക്ഷാശിക്ഷകൾ പ്രതീക്ഷിക്കുകയും ചെയ്യുന്ന ആളുകളെയാണ് ഈ ഉപമ അഭിസംബോധന ചെയ്യുന്നത്. അടിമ-യജമാനൻ സമ്പ്രദായം നിലനിന്നിരുന്ന കാലത്തുള്ള സംബോധനയാകയാൽ ആ സമൂഹത്തിന് പെട്ടെന്ന് മനസ്സിലാകുന്ന ചോദ്യമാണിത്. യജമാനനുള്ള അവകാശവും അധികാരവും തങ്ങളുടെ അടിമകൾക്ക് അവർ വകവെച്ചുകൊടുക്കുമോ? അപ്രകാരം ജഗന്നിയന്താവായ അല്ലാഹുവിനു മാത്രം അവകാശപ്പെട്ട ആരാധന, അവന്റെ ദാസന്മാർക്ക് എങ്ങനെയാണ് അവർ ചെയ്യുക? ശിർക്ക് എത്രമാത്രം അനീതിയും അനർഥവുമാണ്!

## കുറെ യജമാനന്മാരുള്ള ഒരടിമ

“അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനൻമാർ. ഒരു യജമാനനു മാത്രം കീഴ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല” (ക്വുർആൻ 39:29).

ബഹുദൈവാരാധകന്റെ അവസ്ഥ വിവരിക്കുന്ന ഉപമയാണിത്. അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ഒരാൾക്ക് അവന്റെ കൽപനകൾ മാത്രം അനുസരിച്ച് അവനെ മാത്രം തൃപ്തിപ്പെടുത്തിയാൽ മതി. പല ദൈവങ്ങളെയും ആരാധിക്കുന്നവർ ആരെയൊക്കെ, എപ്പോഴൊക്കെ, എങ്ങനെ തൃപ്തിപ്പെടുത്തണമെന്നറിയാത്ത ഗതികേടിലാകുന്നതാണ്. വഴക്കടിക്കുന്ന കുറെ യജമാനന്മാരുടെ ഒരു അടിമക്ക് സംഭവിക്കുന്നതും ഈ ഗതികേടുതന്നെയാണല്ലോ.

## കൗതുകമുള്ള കൃഷി

“മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്.അതാണ് തൗറാത്തിൽ അവരെപ്പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെപ്പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്തുകാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു” (ക്വുർആൻ 48:29).

കരുത്തുകാട്ടി വളർന്നു നിവർന്നു നിൽക്കുന്ന കാർഷികവിളകൾ ആരെയും കൗതുകപ്പെടുത്തുന്നത് പോലെ, വിശ്വാസി സമൂഹം വിശ്വാസപരമായ അടിത്തറയിന്മേൽ എല്ലാരംഗത്തും കരുത്തോടെ വളർന്നു പുരോഗതി പ്രാപിച്ച്, പരസ്പരം സഹകരിച്ച് ഭദ്രമായ ഒരു സമൂഹമായി വളരണമെന്ന സന്ദേശമാണ് ഇതിൽ കാണുന്നത്. ഇൻജീലിൽ വിശേഷിപ്പിക്കപ്പെട്ട ഈ സാമൂഹ്യക്ഷമത സ്വഹാബികളിൽ കാണപ്പെട്ടതിനാൽ ഇൻജീലിന്റെ അനുയായികൾപോലും ക്ഷുഭിതമനസ്സോടെ മുസ്‌ലിംകളെ നോക്കിക്കണ്ടിരുന്നു എന്നത് ചരിത്രസാക്ഷ്യമാണ്. പിന്നാക്കക്കാരും പതിതരുമായി കഴിയേണ്ടവരല്ല മുഹമ്മദ് നബിﷺയുടെ അനുയായികളെന്നും, മറിച്ച് പ്രതാപത്തോടുകൂടി ഉയിർത്തെഴുന്നേറ്റ് പ്രവാചക സന്ദേശത്തിന്റെ വാഹകരാകാൻ ശ്രമിക്കണമെന്നുമുള്ള പാഠം ഈ ഉപമയിലടങ്ങിയിരിക്കുന്നു. (തുടരും)

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com



# ഹുജ്‌റത്തുശ്ശരീഫ കൊള്ളയടിച്ചത് വഹാബികളോ തുർക്കികളോ...?

**മുസ്‌ലിം സമൂഹത്തിന്റെ പേരിൽ ഉപജീവിച്ച ശിർക്കിന്റെയും അന്ധവിശ്വാസങ്ങളുടെയും മൗഢ്യഗോപുരങ്ങളായിരുന്നു ശൈഖ് മുഹമ്മദ്ബ്‌നു അബ്ദുൽ വഹാബിന്റെയും അനുയായികളുടെയും ആദർശപടയോട്ടത്തിലൂടെ തകർന്നുവീണത്. ഇതിൽ വിറളിപൂണ്ട ഹിജാസിലെ ശിയാക്കളും തുർക്കിയിലെ പാഷമാരും സംയുക്തമായി മെനഞ്ഞെടുത്തതായിരുന്നു റസൂലിന്റെ റൗദയുൾക്കൊള്ളുന്ന മദീനയിലെ ഹുജ്‌റത്തുശ്ശരീഫ കൊള്ളയടിച്ചു എന്ന വ്യാജ ആരോപണം. സ്വൂഫിസത്തെ താലോലിക്കുന്ന ബറേലവി സുന്നികളിലെ ചിലർ ഈ ആരോപണം പൊടിതട്ടിയെടുത്തതിന്റെ പിന്നിലെ ഉദ്ദേശ്യമെന്ത്?**

ആരെങ്കിലും പ്രഭാതത്തിൽ സ്വൂഫിസം സ്വീകരിച്ചാൽ ഉച്ചയാകുമ്പോഴേക്കും അവൻ വിഡ്ഢിയാകുമെന്നും, 40 ദിവസം സ്വൂഫികളുമായി സഹവസിച്ചാൽ അവന്റെ സർവമാനബുദ്ധിയും നഷ്ടപ്പെടുമെന്നും ഇമാം ശാഫിഈ(റഹ്) പറഞ്ഞതായി പ്രമുഖരായ പല ഇസ്‌ലാമിക പണ്ഡിതരും രേഖപ്പെടുത്തിയിട്ടുണ്ട്. മദ്യവും മയക്കുമരുന്നുമുപയോഗിച്ച് യുവസമൂഹത്തിന്റെ നിർമാണാത്മകമായ ചിന്താശേഷിയെയും ബുദ്ധിവൈഭത്തെയും നശിപ്പിച്ച് സമൂഹത്തിനും രാജ്യത്തിനും ഭീകരത സമ്മാനിക്കുന്ന ഒരുവിഭാഗത്തിനെ നിർമിച്ചെടുക്കാനാണ് ശത്രുരാജ്യങ്ങൾ പരസ്പരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സ്വൂഫിസത്തിന്റെ ഇറക്കുമതിയിലൂടെയും പ്രചാരണത്തിലൂടെയും ലക്ഷ്യമിടുന്നതും ഇതിൽ നിന്നും വ്യത്യസ്തമായ മറ്റൊന്നുമല്ല.

നൂറ്റാണ്ടുകൾക്കു മുമ്പ് കാലഹരണപ്പെട്ടുവെന്ന് കരുതപ്പെടുന്ന അക്ബർ ചക്രവർത്തിയുടെ 'ദീനെ ഇലാഹി'യുടെ പുനർജന്മമാണ് സ്വൂഫിസത്തിന്റെ മറവിൽ ലക്ഷ്യമിടുന്നതെന്ന തിരിച്ചറിവ് ഇനിയും നമുക്ക് നഷ്ടപ്പെട്ടുകൂടാ. യഹൂദ-ശിയാ പാരമ്പര്യത്തിൽ മുളച്ചുപൊന്തിയ സ്വൂഫിസം പടർന്നുപന്തലിച്ചാൽ അതിലൂടെ പരിശുദ്ധ ഇസ്‌ലാമിനെ ഖബ്‌റടക്കാമെന്ന് ശത്രുക്കൾ കണക്കുകൂട്ടുന്നു. സഖലൈൻ ഫൗണ്ടേഷൻ പോലെയുള്ള അത്യാധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് സമൂഹത്തിൽ പേരും പെരുമയുമുള്ള വ്യക്തികളെയും സംഘടനകളെയും വലവീശുന്നതാണ് ഇവർ സ്വീകരിച്ചുവരുന്ന പുതിയരീതി.

അറിയപ്പെടുന്ന ക്വുർആൻ പ്രഭാഷകനും പ്രമുഖ പണ്ഡിതനുമൊക്കെയായി ജനശ്രദ്ധയാകർഷിക്കപ്പെട്ടിരുന്ന മുത്തേടത്തുകാരൻ ഒരു ഖാസിമി തന്റെ സ്വതസിദ്ധമായ ശബ്ദത്തിലും ശൈലിയിലും വാരിവിതറിക്കൊണ്ടിരിക്കുന്ന ബഡായികൾ ഇമാം ശാഫിഈ(റഹ്)യുടെ, നേരത്തെ സൂചിപ്പിച്ച വരികളിൽ നിന്നും അണുവിടപോലും വ്യത്യാസമുള്ളവയല്ല. കാലങ്ങളായി ഞാൻ സ്വൂഫിയാണെന്ന് അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന ഈ മാന്യദേഹത്തിന്റെ വേദികൾ സ്വന്തം ഗ്രൂപ്പുകൾപോലും ബഹിഷ്‌ക്കരിച്ച മട്ടാണ്. കാരണമെന്തെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. വ്യക്തമായി പറഞ്ഞാൽ, ഇന്ന് പറയുന്നതല്ല അദ്ദേഹം നാളെ പറയുന്നത്. നാളെ പറയുന്നതാകില്ല അതിന്റെ തൊട്ടടുത്ത ദിവസം പുലമ്പുന്നത്. സ്വൂഫിസം ബാധിച്ചവൻ സ്വബോധവും സ്വബുദ്ധിയും നശിച്ച് അത്തുംപിത്തും വാരിവിളമ്പുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ നൂറ്റാണ്ടിൽ ഈ ഖാസിമിയും പകരക്കാരൻ അഹ്‌സനിയും പിന്നെ മുള്ളൂർക്കര സഖാഫിയും. ഇവരൊക്കെ വായതുറന്നാൽ സമൂഹത്തിന് ചിരിച്ച് മണ്ണുകപ്പാൻ എന്തെങ്കിലും പ്രതീക്ഷിക്കാമെന്ന മട്ടിലാണ് ഇന്ന് കാര്യങ്ങളുടെ പോക്ക്.

വാലും തലയുമില്ലാത്ത ബഡായികളുടെ തള്ളൽ കാരണമായി മയ്യിത്തിൽനിന്നും പേൻ ഇഴഞ്ഞിറങ്ങിപ്പോകുന്നമാതിരി അനുയായികളാൽ കയ്യൊഴിയപ്പെട്ട ഖാസിമിയുടെ പുതിയ പിടിവള്ളിയാണ് വഹാബി വിമർശനം. കല്ലുവെച്ച നുണകളുടെയും അപവാദങ്ങളുടെയും അകമ്പടിയോടെ ഖാസിമി ഉന്നയിക്കുന്ന വഹാബി വിരോധത്തിന്റെ മുഖ്യറഫറൻസാകട്ടെ അധികാരം നഷ്ടപ്പെട്ട തുർക്കികൾ രാജ്യമെമ്പാടും വാരിവിതറിയ കല്ലുവെച്ച നുണകളും! ഉസ്മാനിയാ ഖിലാഫത്തിന്റെ ആധിപത്യത്തിൽ മക്കയിലെ ശാഫിഈ മുഫ്തിയായി വാണരുളിയിരുന്ന ശൈഖ് അഹ്‌മദ് സൈനി ദഹ്‌ലാൻ കോർത്തിണക്കി സംവിധാനിച്ച 'റദ്ദുൽവഹാബിയ്യ'യെന്ന ക്ഷുദ്രകൃതിയാണ് അദ്ദേഹത്തിന്റെ മുഖ്യറഫറൻസ്. 'ഊശാൻ താടിക്കാരായ വഹാബികൾ' മദീനയിലെ പുണ്യറൗദാശരീഫ് കൊള്ളയടിച്ചെന്നാണ് ഖാസിമി പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇസ്‌ലാമിക പ്രമാണങ്ങൾക്കും വിശ്വാസ, ആചാരങ്ങൾക്കും നിരക്കാത്ത നിലയിലുള്ള നിരവധി പരാമർശങ്ങളുടെ പേരിൽ സ്വന്തം ബറേലവി സമൂഹത്തിൽനിന്നുപോലും ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്ന മുത്തേടത്തുകാൻ ഖാസിമി പുതുതായി കണ്ടെത്തിയ ഈ വഹാബി വിമർശനത്തിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് അരിയാഹാരം കഴിക്കുന്ന മലയാളികൾ തിരിച്ചറിയുന്നുമുണ്ട്.

ഇബ്നു അബ്ദുൽവഹാബും(റഹ്) അനുയായികളും ഹിജാസിൽ നടപ്പിലാക്കിയ ഇസ്‌ലാഹിനെയും തജ്ദീദിനെയും തുടക്കം മുതൽ പല്ലും നഖവും ഉപയോഗിച്ച് എതിർത്തുവന്നത് അധികാരം സ്വന്തമായി കളഞ്ഞുകുളിച്ച തുർക്കിയിലെ ഉസ്മാനിയാ ഖിലാഫത്തിന്റെ ഏജന്റുമാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശിയാക്കളുമായിരുന്നു. തുർക്കി ഖിലാഫത്തിന്റെ മറവിൽ ദ്രുതഗതിയിൽ വളർന്നുകൊണ്ടിരുന്ന ചൂഷണത്തിൽ അധിഷ്ഠിതമായ സ്വൂഫിസത്തിന് ശൈഖ് ഇബ്നു അബ്ദുൽ വഹാബിന്റെ ദഅ്‌വത്തിനു മുന്നിൽ മുട്ടുമടക്കേണ്ടുന്ന ഗതികേടുണ്ടായി. ഹിജാസിന്റെ കിഴക്കൻ പ്രവിശ്യയിലെ അൽഅഹ്‌സാ പ്രദേശത്തുള്ള ശിയാക്കൾ ശൈഖിന്റെ ദഅ്‌വത്തിനെ പ്രതിരോധിക്കാൻ ആവശ്യമായ സകല

> **"ഇബ്നു അബ്ദുൽവഹാബും(റഹ്) അനുയായികളും ഹിജാസിൽ നടപ്പിലാക്കിയ ഇസ്‌ലാഹിനെയും തജ്ദീദിനെയും തുടക്കം മുതൽ പല്ലും നഖവും ഉപയോഗിച്ച് എതിർത്തുവന്നത് അധികാരം സ്വന്തമായി കളഞ്ഞുകുളിച്ച തുർക്കിയിലെ ഉസ്മാനിയാ ഖിലാഫത്തിന്റെ ഏജന്റുമാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശിയാക്കളുമായിരുന്നു. തുർക്കി ഖിലാഫത്തിന്റെ മറവിൽ ദ്രുതഗതിയിൽ വളർന്നുകൊണ്ടിരുന്ന ചൂഷണത്തിൽ അധിഷ്ഠിതമായ സ്വൂഫിസത്തിന് ശൈഖ് ഇബ്നു അബ്ദുൽ വഹാബിന്റെ ദഅ്‌വത്തിനു മുന്നിൽ മുട്ടുമടക്കേണ്ടുന്ന ഗതികേടുണ്ടായി."**

സഹായങ്ങളും തുർക്കിയിലെ പാഷമാർക്ക് ഒരുക്കിക്കൊടുത്തു. ശൈഖിന്റെ ദഅ്‌വത്തിനെ പ്രതിരോധിക്കാൻ ആവശ്യമായ കല്ലുവെച്ചനുണകൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വിവിധഭാഷകളിൽ പ്രചരിപ്പിക്കാനും ശിയാക്കളുടെ കാര്യമായ സഹായസഹകരണങ്ങൾ ലഭിച്ചു.

ശൈഖിന്റെ ദഅ്‌വത്തിന് തടയിടാൻ ഹിജാസിലെ ശിയാക്കളും തുർക്കിയിലെ പാഷമാരും സംയുക്തമായി മെനഞ്ഞെടുത്ത ഒരു കളവായിരുന്നു, ശൈഖ് മുഹമ്മദും അനുയായികളും മദീനയിലെ റസൂൽﷺയുടെ റൗദ ഉൾപ്പെടുന്ന 'ഹുജ്റത്തുശ്ശരീഫ' കൊള്ളയടിച്ചുവെന്ന കല്ലുവെച്ചനുണ. ഇബ്നു അബ്ദുൽ വഹാബിന്റെ നവോത്ഥാന സംരംഭത്തെ ഒരേസമയം തലോടിയും മറുകൈകൊണ്ട് പ്രഹരിച്ചും കാലംകഴിച്ച ചരിത്രകാരന്മാർ ഈ ഭീമാബദ്ധം അതേപടി ഉദ്ധരിക്കാൻ സാഹസപ്പെട്ടിട്ടുണ്ട്. ഹുജ്റത്തുശ്ശരീഫ കൊള്ളയടിച്ചുവെന്നും വിലമതിക്കാനാവാത്ത പലതും അതിൽനിന്ന് കടത്തിക്കൊണ്ടുപോയെന്നുമുള്ള വഹാബിവിരുദ്ധരുടെ കണ്ടെത്തലുകളെ ചരിത്രപരമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ മാത്രമെ ഈ അപവാദങ്ങളുടെ നിജസ്ഥിതി വ്യക്തമാവുകയുള്ളൂ.

നബിﷺയുടെ ഹുജ്റയിലേക്ക് പുണ്യം ഉദ്ദേശിച്ചുകൊണ്ട് രാജാക്കന്മാരും സാധാരണക്കാരുമെല്ലാം സ്വർണവും വിലപിടിപ്പുള്ള വിവിധ ഉപകരണങ്ങളും സമർപ്പിക്കുന്ന പതിവ് നേരത്തെ ഉണ്ടായിരുന്നു. എട്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രമുഖ ചരിത്രകാരനും പണ്ഡിതനുമായ ഇമാം സംഹൂദി തന്റെ ചരിത്രസാക്ഷ്യങ്ങളിൽ ഇത്തരം സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തുർക്കിയിലെയും ഈജിപ്തിലെയും വിവിധ ഭരണാധികാരികൾ വിവിധ കാലങ്ങളിൽ സ്വർണത്തിൽ നിർമിച്ച മെഴുകുതിരിക്കാലുകൾ, വാളുകൾ, ഹുജ്റ മൂടുന്നതിനുള്ള വിലയേറിയ പുതപ്പുകൾ, ഹുജ്റയിൽ തൂക്കുന്നതിനുള്ള വിളക്കുകൾ തുടങ്ങിയവ നേരിട്ടും ദൂതന്മാർ മുഖേനയും മദീനയിലേക്ക് അയച്ചിരുന്നു. വിലമതിക്കാനാവാത്ത മുത്തും പവിഴവുമുൾപ്പെടെയുള്ള രത്നക്കല്ലുകളും ഈ സംഭാവനയിൽ ഉൾപ്പെട്ടിരുന്നു. മദീന



യിലെ നബിﷺയുടെ ബറകത്ത് നേടിയെടുക്കുകയെന്ന അടിസ്ഥാനരഹിതമായ വിശ്വാസമനുസരിച്ചായിരുന്നു അവരുടെ ഈ പ്രവൃത്തികൾ. നബിﷺയുടെ ഹുജ്റയിലേക്ക് വിലമതിക്കാനാവാത്ത മുതലുകൾ സംഭാവന നൽകുകയെന്ന ശൈലി ഒരിക്കലും നബിﷺയോ സ്വഹാബികളോ മാതൃകകാട്ടിയതും അല്ലല്ലോ. തികച്ചും ഇസ്‌ലാമികവിരുദ്ധമായ നേർച്ചയാണത്.

രാജാക്കന്മാരും പ്രമാണിമാരും പുണ്യതീർഥാടന കേന്ദ്രങ്ങളിലേക്ക് സംഭാവന ചെയ്യുന്ന സമ്പത്തുകൾ ഒരിക്കലും അവരുടെ കുടുംബസ്വത്തോ, സ്വതന്ത്ര വിനിമയ അവകാശമുള്ള ഓഹരികളോ ആയിരിക്കില്ല എന്നതും നാം പ്രത്യേകം ഗ്രഹിക്കേണ്ടതുണ്ട്. രാജ്യത്തിന്റെ പൊതുഖജനാവിലെ സമ്പത്തുകൾ അൽപജ്ഞാനികളായ പുരോഹിതന്മാരുടെ ഉപദേശ നിർദേശമനുസരിച്ച് അവർ വിവിധ നേർച്ച കേന്ദ്രങ്ങളിലേക്ക് സമർപ്പിക്കുന്നു, അത്രമാത്രം. അതുമാത്രമല്ല ഇത്തരം നേർച്ച കേന്ദ്രങ്ങളിൽ ഈ സമ്പത്തുകൾ കാലങ്ങളോളം കെട്ടിക്കിടന്ന് പ്രമുഖന്മാരുടെ ചൂഷണങ്ങൾക്ക് വിധേയമായി അന്യാധീനപ്പെടുക മാത്രമാകും ഇതിന്റെ അവസാനഫലം. അമിക്കസ് ക്യൂറി റിപ്പോർട്ടിലൂടെ വിവാദമായ തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വിലമതിക്കാനാവാത്ത സമ്പത്ത് ഇതിന് സമാന ഉദാഹരണമാണ്.

നബിﷺയുടെ ഹുജ്റയുടെ പേരിലുള്ള വഴിവിട്ട സംഭാവനകളുടെ പേരിൽ ചില രാജാക്കന്മാർ അത്ഭുതകരവും അതിശയകരവുമായ ചില പ്രവർത്തനങ്ങളും കാഴ്ചവെച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. അമീർ ജോകൻദാർ എന്ന ഭരണാധികാരി മദീന സന്ദർശനത്തിനിടെ റൗദയിൽ പ്രവേ

ശിച്ച് തന്റെ സകല സമ്പത്തുകളും തന്നോടോപ്പമുണ്ടായിരുന്ന സകലതിനെയും ഹുജ്റക്ക് വേണ്ടി സമർപ്പിച്ചു. കൂട്ടത്തിൽ തന്റെ കുടുബത്തെയും മക്കളെയും അദ്ദേഹം ഹുജ്റക്ക് വേണ്ടി സമർപ്പിക്കുകയുണ്ടായി. മാത്രമല്ല തന്റെ സംഭാവനകൾ റസൂൽﷺ സ്വീകരിക്കണമെന്ന് അയാൾ അവിടെ വെച്ച് അഭ്യർഥിച്ചു. തന്റെ തുടർജീവിതം തൃപ്തികരമായ നിലയിൽ വിനിയോഗിക്കാമെന്ന് അയാൾ അവിടെ നിന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

ദീനാറോ ദിർഹമോ അനന്തരാവകാശമായി ഭൂമിയിൽ ഉപേക്ഷിക്കാതെ തന്റെ ദൗത്യം അവസാനിപ്പിച്ച് അല്ലാഹുവിന്റെ സവിധത്തിലേക്ക് യാത്രതിരിച്ച പുണ്യപ്രവാചകന്റെ പേരിലാണ് ചില രാജാക്കന്മാരും ഭരണാധികാരികളും കാട്ടിക്കൂട്ടിയ ഈ പേക്കൂത്തുകൾ. നബിﷺയുടെ ഹുജ്റയിൽ കുമിഞ്ഞുകൂടിയ സമ്പത്തിന്റെ കൂമ്പാരങ്ങളെപ്പറ്റി മദീനയുടെ ചരിത്രം ഔദ്യോഗികമായി രേഖപ്പെടുത്തിയ പണ്ഡിതന്മാർ കൃത്യമായ വിശദീകരണം നൽകിയിട്ടുണ്ട്. 'നബിﷺയുടെ ഹുജ്റയിലെ വിലമതിക്കാനാവാത്ത സമ്പത്തുകൾ, നബിﷺയുടെ തൃപ്തിയും പൊരുത്തവും കാംക്ഷിച്ചുകൊണ്ട് വിവരമില്ലാത്തയാളുകൾ സമർപ്പിച്ചവയാണ്. ഇത് വൻപാതകം തന്നെയാണ്. നബിﷺയുടെ തൃപ്തിയും പൊരുത്തവും ആ ജീവിതം മാതൃകയാക്കുന്നതിലൂടെ മാത്രം കരസ്ഥമാകുന്നതാണ്. ഇത്തരം സമ്പത്തുകൾ സമൂഹത്തിന്റെ പൊതുനന്മകൾക്കായി വിനിയോഗിക്കേണ്ടതാണ്' എന്നെല്ലാം മദീനയുടെ പ്രമുഖ ചരിത്രകാരനായ അല്ലാമാ ഹമദ് അൽജാസിർ രേഖപ്പെടുത്തുന്നു.

പ്രയോജനരഹിതമായി ഹുജ്റയിൽ കുമിഞ്ഞുകൂടിയിരിക്കുന്ന വൻസമ്പത്തിന്റെ ശേഖരം എന്തു ചെയ്യണമെന്ന വിഷയത്തിൽ ഹിജാസിലെ പണ്ഡിതന്മാർക്കിടയിൽ വിശദമായ ചർച്ചകൾ നടന്നിട്ടുണ്ട്. ഇവ പൊതുജന നന്മക്ക് ഉപകരിക്കുന്ന നിലയിൽ വിനിയോഗിക്കണമെന്ന വിഷയത്തിൽ ഹിജാസിലെ വിവിധ കർമശാസ്ത്ര പണ്ഡിതന്മാർക്കിടയിൽ ഐകകണ്ഠ്യേനയുള്ള അഭിപ്രായം ഉണ്ടായി എന്നത് ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. പ്രമുഖങ്ങളായ നാലു മദ്ഹബുകളിലെയും പണ്ഡിതരുടെ അഭിപ്രായത്തിൽ, മുസ്‌ലിംകളുടെ പൊതുനന്മക്കായി ഈ സമ്പത്തുകൾ വിനിയോഗിക്കണമെന്ന നിർദേശമാണ് ഹിജാസിലെ ഭരണാധികാരികൾക്ക് ലഭിച്ചത്.

ഹി:1221ൽ ഹിജാസിന്റെ ഭരണാധികാരി ഇമാം സുഊദുബിൻ അബ്ദുൽ അസീസ്(റഹ്)യുടെ നിർദേശമനുസരിച്ച് ഹുജ്റയിലെ സകല സമ്പത്തുകളും പുറത്തെടുത്തു. ഹറമിന്റെ പരിപാലനത്തിനും മദീനാവാസികളുടെ പൊതുവായ ആവശ്യങ്ങൾക്കുമായി ഈ സമ്പത്ത് മാതൃകാപരമായി വിനിയോഗിക്കുകയുണ്ടായി. ഈ വിഷയത്തിൽ പ്രമുഖ പണ്ഡിതന്മാരുടെ ഉപദേശങ്ങളും അദ്ദേഹത്തിന് ലഭിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കാതെ ഖജനാവുകളിൽ കെട്ടിപ്പൂട്ടി സംരക്ഷിക്കപ്പെടുന്ന വിലമതിക്കാനാവാത്ത സമ്പത്തുക്കളുടെ പരിണിതഫലം വിശുദ്ധ ക്വുർആൻ പ്രത്യേകം ഓർമപ്പെടുത്തുന്നുണ്ട്.[1] തന്റെ ജീവിതകാലത്തുപോലും കാൽപണം സ്വന്തം കീശയിൽ മുൻകരുതലായി സൂക്ഷിച്ചുവെക്കാതെ ഇസ്‌ലാമിന്റെ ഉദാത്ത മാതൃകയായി വ്യക്തിജീവിതം കാഴ്ചവെച്ച മഹാനായ പ്രവാചകന് തന്റെ ജീവിതകാലത്ത് ഇത്തരം സമ്പത്തിന്റെ കൂമ്പാരങ്ങൾ ആവശ്യമുണ്ടായിരുന്നില്ല. മരണശേഷം പ്രത്യേകിച്ചും ആവശ്യമില്ലെന്ന് വിശ്വാസിസമൂഹം അടിയുറച്ചു വിശ്വസിക്കുന്നു.

ഇബ്നു അബ്ദുൽവഹാബും അനുയായികളും ഹുജ്റത്തുശ്ശരീഫ കൊള്ളയടിച്ചുവെന്ന കള്ളക്കഥ വ്യാപകമായി പ്രചരിപ്പിക്കാൻ മക്കയിലെ ദഹ്‌ലാനെപ്പോലെ ഏറെ പണിപ്പെട്ട വ്യക്തിയാണ് ദാവൂദിബിൻ ജർജീസ്. ഇയാളുടെ അപവാദ പ്രചാരണങ്ങൾക്ക് ഇബ്നു അബ്ദുൽ വഹാബിന്റെ പിൻതലമുറക്കാരായ പണ്ഡിത പ്രമുഖന്മാർ കൃത്യമായ മറുപടിയും നൽകിയിട്ടുണ്ട്. ശൈഖ് അബ്ദുല്ലത്വീഫ് ബിൻ അബ്ദുറഹ്മാൻ[2] ദാവൂദ് ജർജീസിന്റെ അപവാദങ്ങൾക്ക് നൽകിയ മറുപടികൾ മിൻഹാജുത്തഅ്സീസ്, അദ്ദുററുസ്സനിയ്യ തുടങ്ങിയ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും.

ഹിജാസിന്റെ ഭരണാധികാരികൾ ആരുംതന്നെ അതിക്രമകരമായ എന്തെങ്കിലും പ്രവർത്തനങ്ങൾ മദീനയിലോ ഹുജ്റത്തുശ്ശരീഫയിലോ കാട്ടിയിട്ടില്ല. ഹുജ്റയിൽ കുമിഞ്ഞുകൂടിയ സമ്പത്തുകൾ വിവിധ പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് ഹറമിന്റെയും മദീന നിവാസികളുടെയും പൊതുനന്മക്കായി വിനിയോഗിക്കുകയായിരുന്നു. എന്നാൽ ഹി:1335ൽ ഉസ്മാനിയാ ഖിലാഫത്തിന്റെ ഭരണാധികാരിയായ ഫഖ്‌രി ബാഷ, ഹുജ്റയിൽ ഉണ്ടായിരുന്ന വിലയേറിയ സമ്പത്തുകളെ സംരക്ഷിക്കാനെന്നപേരിൽ പ്രത്യേകം കവചങ്ങളിൽ പൊതിഞ്ഞ് പൊതുഖജനാവിലേക്ക് മാറ്റുകയും പിന്നീട് തുർക്കിയിലെ ഇസ്താംബൂളിലേക്ക് കയറ്റി അയക്കുകയും ചെയ്തു. സുൽത്താൻ ഇബ്നു സുഊദ് മാതൃക കാട്ടിയതുപോലെ, ഈ വിലയേറിയ സമ്പത്തുകളിൽനിന്നും കാലണപോലും മദീന

ക്കാരുടെ പൊതുതാൽപര്യത്തിനായി വിനിയോഗിച്ചില്ല എന്നത് ചരിത്ര യാഥാർഥ്യമാണ്. ചുരുക്കത്തിൽ മദീനയെ കൊള്ളയടിച്ചത് ഹിജാസിന്റെ യഥാർഥ അവകാശികളായ ആലുസ്സുഊദ് രാജവംശമല്ല, മറിച്ച് അധിനിവേശ ശക്തികളായ തുർക്കിയിലെ ഉസ്മാനിയാ ഖിലാഫത്തിന്റെ വക്താക്കളാണെന്നതാണ് ചരിത്രസത്യം.

മദീനയിലെ ഹുജ്റയിൽ നിന്നും വിലപിടിപ്പുള്ള വസ്തുവകകൾ കടത്തിക്കൊണ്ടുപോകുന്ന ഈ അവസ്ഥ ചരിത്രത്തിൽ പലപ്പോഴും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഉസ്മാനിയാ ഖിലാഫത്തിന്റെ പ്രതിനിധിയായി മദീനയെ നിയന്ത്രിച്ച ഫഖ്രി ബാഷയുടെ കാലത്ത് ലോകത്തിലെ അത്യപൂർവവും വിലമതിക്കാനാവാത്തതുമായ കോഹിനൂർ രത്നം മദീനയിൽ നിന്നും കടത്തിയതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ഹുജ്റത്തുന്നബവിയിൽ സൂക്ഷിച്ചിരുന്നവയായിരുന്നു അവ. ലോകത്ത് ഏറ്റവും മൂല്യമേറിയതെന്ന് വിശേഷിപ്പിക്കപ്പെടുന്ന രത്നമായിരുന്നു ഇയാൾ ഹുജ്റയിൽനിന്നും കടത്തിയത്. ഇതിന് സമാനമായ രണ്ട് രത്നങ്ങളിൽ ഒന്ന് ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടത്തിൽ പതിച്ചിട്ടുള്ളതും മറ്റൊന്ന് ഇറാനിൽ സൂക്ഷിച്ചിട്ടുള്ളതുമാണെന്ന് ചരിത്രകാരന്മാർ പ്രത്യേകം എടുത്തുപറയുന്നു. നിലവിൽ തുർക്കിയിലെ 'ടോപ്കാപ്' മ്യൂസിയത്തിൽ പ്രത്യേക സംരക്ഷണവലയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള കോഹിനൂർ രത്നം ഇതാണെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

മക്കയിലെ പൗരാണിക ലൈബ്രറിയായി അറിയപ്പെട്ടിരുന്ന 'അൽമക്തബ മഹ്മൂദിയ്യ'യിൽ നിന്നും നിരവധി ഹദീഥ് ഗ്രന്ഥങ്ങൾ ഉൾപ്പെടുന്ന അത്യപൂർവ ശേഖരങ്ങൾ ഫഖ്രി ബാഷ ദമാസ്ക്കസിലേക്ക് കടത്തിക്കൊണ്ടുപോയെങ്കിലും ആർക്കും പ്രയോജനമില്ലാത്ത നിലയിൽ അവ മുഴുവനും ജലപ്രളയത്തിൽ നശിച്ചതായി പ്രമുഖ ചരിത്രപണ്ഡിതനായ അസ്അദ് ത്വാബിസൂനി അൽഹുസൈനി 'താരീഖുൽ മദീന'യുടെ ആമുഖത്തിൽ രേഖപ്പെടുത്തുന്നു. പരിശുദ്ധ ഹറം കൊള്ളയടിക്കുകയും ഹജറുൽ അസ്വദ് കടത്തിക്കൊണ്ടുപോവുകയും ചെയ്ത ശിയാക്കളുടെ പാരമ്പര്യം ഈ സന്ദർഭത്തിൽ നാം ഈ സംഭവങ്ങളോട് ചേർത്തുവായിക്കേണ്ടതാണ്.

നബിﷺയുടെ ക്വബ്ർ പുതക്കാൻ ഉപയോഗിച്ചത്, റൗദയിൽ പ്രകാശം ചൊരിഞ്ഞ വിളക്ക്, റൗദയിലെ പൊടി, നബിﷺ പാനം ചെയ്ത പാത്രം തുടങ്ങിയ പേരുകളിൽ നിരവധി ഉപകരണങ്ങൾ ഇന്ന് വിപണിയിൽ സുലഭമാണ്! ഈ ഉപകരണങ്ങളുടെ കാലപ്പഴക്കം പരിശോധിച്ചാൽ തന്നെ നബിﷺയുടെ ജീവിതകാലവുമായി ഇവകൾക്ക് യാതൊരു ബന്ധവുമില്ലായെന്ന് വ്യക്തമാകും. നബിﷺയുടെ തിരുകേശവും പാനപാത്രവുമായി വാണിജ്യാടിസ്ഥാനത്തിൽ കടന്നുവന്ന സ്ഥലത്തെ പ്രധാന ദിവ്യനെ, പൊതുസമൂഹം പാത്രത്തിലെ ഇസ്രയേൽ ചിഹ്നമടക്കം പിടികൂടിയത് അടുത്തിടെ[3]യാണല്ലോ. നബിﷺയുടെ മുബാറക്കായ ക്വബ്റുശ്ശരീഫ് സ്ഥിതിചെയ്യുന്നത് അവിടുത്തെ പ്രിയപത്നി ആഇശ രാ താമസിച്ചിരുന്ന റൂമിന്റെ ഉള്ളിലാണ്.

നൂറ്റാണ്ടുകളായി ഈ ക്വബ്റിടം ആരും കണ്ടിട്ടില്ല എന്ന വിഷയത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായാന്തരമില്ല. പൊതുജനങ്ങളുടെ ദൃഷ്ടിയിൽ അകപ്പെടുന്ന നിലയിൽ ക്വബ്റുണ്ടായാൽ അതിന്റെ പേരിൽ സംഭവിക്കാവുന്ന ഭവിഷ്യത്തുകളെ ശരിക്കും നബിﷺ ഭയപ്പെട്ടിരുന്നു. ഇത്തരം അപകടകരമായ അവസ്ഥകളിൽനിന്നും തന്റെ ക്വബ്റിടത്തെ സംരക്ഷിക്കണമേയെന്ന് നബിﷺ അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തിരുന്നു. ഈ പ്രാർഥനക്ക് അല്ലാഹു നൽകിയ ഉത്തരത്തിന്റെ ഫലമാണ് നബിﷺയുടെ ക്വബ്റിടം ജനദൃഷ്ടിയിൽ ഒരിക്കലും അകപ്പെടാത്ത നിലയിൽ നിരവധി മതിലുകൾക്കുള്ളിലായി ഇന്നോളം സംരക്ഷിക്കപ്പെടുന്നത്.

നബിﷺയുടെ ക്വബ്ർ നമുക്ക് കാണാൻ കഴിയുന്ന നിലയിലാണോ എന്ന വിഷയം പൂർവകാലത്തും ഏറെ ഗൗരവത്തിൽ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. മറ്റുള്ളവരുടെ ക്വബ്റുകളിൽനിന്നും വ്യത്യസ്തമായി, നബിﷺയുടെ ക്വബ്ർ നമുക്ക് കാണാനോ അതിന്റെ സമീപത്ത് എത്തിച്ചേരാനോ സാധിക്കാത്ത നിലയിലാണ് ഉള്ളതെന്ന് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ(റഹ്) വ്യക്തമാക്കുന്നു. നബിﷺയെ ക്വബ്റടക്കിയ ഭാഗത്തേക്ക് ആർക്കുംതന്നെ പ്രവേശിക്കാനോ, അവിടെ നിൽക്കാനോ സാധിക്കില്ലെന്ന് സുഊദി അറേബ്യയുടെ മതകാര്യ മന്ത്രി ശൈഖ് സ്വാലിഹ് ആലുശ്ശൈഖും രേഖപ്പെടുത്തുന്നു. കല്ലുകൾകൊണ്ട് കെട്ടി ഉയർത്തിയ, കഅ്ബക്ക് സമാനമായ ഒരു കെട്ടിടത്തിനകത്താണ് നബിﷺയുടെയും അവിടുത്തെ രണ്ട് സ്വഹാബിമാരുടെയും ക്വബ്റുകൾ ഉള്ളതെന്നും, അത് ആർക്കുംതന്നെ കാണാൻ കഴിയാത്ത വിധം സുരക്ഷിതമായി അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണെന്നും മസ്ജിദുന്നബവിയുടെ പരിചാരക പ്രമുഖനായ സഊദിബ്നിൻ ആദം ഉമറിന്റെ വിശദീകരണം ഏറെ പ്രാധാന്യത്തോടെയാണ് അൽഉക്കാദ് ദിനപത്രം[5] പ്രസിദ്ധീകരിച്ചത്.

ഇതിന് വിരുദ്ധമായ ചർച്ചകൾക്കും കോലാഹലങ്ങൾക്കും യാതൊരു പ്രസക്തിയുമില്ലായെന്ന് ഈ രേഖകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

നബിﷺയുടെ റൗദ പുതച്ചതെന്ന പേരിൽ ചില പുതപ്പുകൾ[6] ജിദ്ദയിലും ദോഹ[7]യിലും ലേലംചെയ്യപ്പെട്ടു. 50 ലക്ഷം ഡോളർ ഇതിന് വിലമതിക്കപ്പെട്ടുവെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. നബിﷺയുടെ തിരുഖബ്റിടം നൂറ്റാണ്ടുകളായി ആരും കണ്ടിട്ടില്ലെന്ന അനിഷേധ്യത നിലനിൽക്കെയാണ് നബിﷺയുടെ ബറകത്തിന്റെ പേരിലുള്ള ഈ ബഹുമുഖ വാണിജ്യ കോലാഹലങ്ങൾ. ഈ പുതപ്പുകൾ നേരത്തെ വിശദീകരിച്ചതുപോലെ ഏതെങ്കിലും ഭരണാധികാരികളോ നാട്ടുപ്രമാണിമാരോ ഈജിപ്ഷ്യൻ-തുർക്കി ഭരണകാലത്ത് സംഭാവന നൽകിയതാകാനാണ് കൂടുതൽ സാധ്യത.

തുർക്കിയിലെ അയാസോഫിയക്ക് സമീപമുള്ള തോപ്കാപ് മ്യൂസിയം ലോകത്തിലെ തന്നെ സുപ്രധാന മ്യൂസിയങ്ങളിലൊന്നാണ്. നബിﷺയുടേതെന്ന് പ്രചരിപ്പിക്കപ്പെടുന്ന താടിരോമം, മുടി, മോതിരം തുടങ്ങി ഒട്ടനവധി വസ്തുക്കൾ ഇവിടെയുണ്ട്. മൂസാനബി(عليه السلام) ചെങ്കടലിൽ അടിച്ച വടി, യൂസുഫ് നബി(عليه السلام)യുടെ തലപ്പാവ്, ഇമാം ഹുസൈൻ(رضي الله عنه) കർബലയിൽ രക്തസാക്ഷിത്വം വഹിച്ച സമയം ധരിച്ച കുപ്പായം, പ്രവാചകപുത്രി ഫാത്വിമ(رضي الله عنها)യുടെ നിസ്കാരക്കുപ്പായം തുടങ്ങിയ പലതും ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നുവെന്ന് തിരുശേഷിപ്പുകളെപ്പറ്റി ആധികാരിക ചരിത്ര പഠനം നടത്തിയ വിഖ്യാത ഇസ്‌ലാമിക ചരിത്രകാരൻ അഹ്മദ് തൈമൂർ ബാഷ രേഖപ്പെടുത്തുന്നു.[8] ഉസ്മാനിയാ ഖിലാഫത്തിന്റെ ഭരണശേഷിപ്പുകളും ഈ മ്യൂസിയത്തിൽ കാണാം.



നബിﷺയുടെ ഹുജ്റയുമായി ബന്ധപ്പെട്ട ചരിത്രത്തിന്റെ എല്ലാ വശങ്ങളെയും സമഗ്രമായി പ്രതിപാദിക്കുന്ന ചരിത്രഗ്രന്ഥവും അമൂല്യ രചനയുമാണ് മദീനയിലെ പണ്ഡിത പ്രമുഖനായ ശൈഖ് അബ്ദുറഹ്മാൻ സഅദ് അശ്ശത്‌രി[9] അടുത്തകാലത്ത് (ഹി:1435) പ്രസിദ്ധപ്പെടുത്തിയ 'ഹുജ്റത്തുന്നബിയ്യ് ചരിത്രവും വിധിയും' എന്ന അറബിഗ്രന്ഥം.

ഇബ്റാഹീം നബി(عليه السلام)യുടെ പരമ്പരയിൽ ജസീറത്തുൽ അറബിൽ ഉദയം ചെയ്ത മുഹമ്മദീനുബുവ്വത്തിനെ (നബിﷺയുടെ പ്രവാചകത്വം) ഇന്ത്യയിലെ പഞ്ചാബിലെ മണ്ണിൽ മാത്രമൊതുക്കി കുഴിച്ചുമൂടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഖാദിയാനി മതക്കാരും സ്വൂഫിസത്തിന്റെ മറവിൽ വിശ്വാസികളെ സിയോൺ താഴ്‌വരകളിലൂടെ ഇസ്രയേലി ആശയങ്ങളിലേക്ക് റിക്രൂട്ട് ചെയ്ത് ഇസ്‌ലാമിന്റെ പവിത്രത നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയ ശിയാ, ബറേലവി, സ്വൂഫികൾ പടച്ചുവിട്ട അപവാദ കഥകളാണ് വഹാബി വിമർശനത്തിന്റെ പേരിൽ സമൂഹത്തിൽ വ്യാപകമായി പ്രചരിച്ചുകൊണ്ടിരിക്കുന്നത്.

ഇബ്നു അബ്ദുൽ വഹാബിനും വഹാബികൾക്കുമെതിരിൽ വ്യാപകമായി എഴുതുകയും പറയുകയും ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിനകത്തും പുറത്തുമുള്ള പലപ്രമുഖന്മാരുമായും ഈ ലേഖകന് ബന്ധപ്പെടാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ ബറേലവി സമസ്തയുടെ നേതാക്കളായ അമ്പലക്കടവ് അബ്ദുൽ ഹമീദ് ഫൈസി, ഡോ. ബഹാവുദ്ദീൻ മുഹമ്മദ് നദ്‌വി എന്നിവരും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇബ്നു അബ്ദുൽ വഹാബിനെപ്പറ്റി മുകളിൽ പറഞ്ഞ രണ്ടു മഹാന്മാരും എഴുതി അച്ചടിച്ച് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾക്ക് ഞാൻ പലതവണ അവരോട് തെളിവുകൾ ആവശ്യപ്പെട്ടുകൊണ്ട് നേരിട്ടും പരിചയക്കാർ മുഖേനയും ബന്ധപ്പെട്ടിരുന്നു.

ഖത്തറിലെ ചീഫ് ജസ്റ്റിസ് ആയിരുന്ന ശൈഖ് ഇബ്നു ഹജർ ആലുബൂത്വാമിയുടെ ഒരു പുസ്തകത്തിൽ ഇബ്നു അബ്ദുൽ വഹാബിനെപ്പറ്റി മോശമായ അഭിപ്രായം പറഞ്ഞിട്ടുണ്ടെ

ന്ന് അവകാശപ്പെടുന്ന ഈ രണ്ട് പ്രമുഖന്മാരോടും ആ വരികൾ എവിടെയാണെന്ന് പലതവണ അന്വേഷിച്ചിട്ടും മറുപടി നൽകാനോ വിശദീകരിക്കാനോ ഇരുവരും തയ്യാറായിട്ടില്ല. ചെമ്മാട് ദാറുൽഹുദായിലെ ഏതോ ഒരു മുസ്‌ല്യാരുട്ടി തങ്ങളുടെ പേരിൽ എഴുതി അച്ചടിച്ചുവിട്ട പുസ്തകമായിരുന്നു അതെന്ന് ഇരുവരും എന്നോട് പറയുകയുണ്ടായി.

അവസാനം പ്രസ്തുത മുസ്‌ല്യാരെയും ഞാൻ അന്വേഷിച്ച് കണ്ടെത്തി. ഈ അപവാദത്തിന്റെ നിജസ്ഥിതി അന്വേഷിച്ചു. ശൈഖ് ഇബ്നുഹജറിന്റെ ഗ്രന്ഥത്തിൽ, ഇബ്നു അബ്ദുൽ വഹാബിനെപ്പറ്റി ഇങ്ങനെയൊരു പരാമർശം ഉള്ളതായി അദ്ദേഹത്തിനും തെളിയിക്കാൻ സാധിച്ചില്ല. പിന്നെ നേരത്തെ പറഞ്ഞ മക്കയിലെ ശാഫിഈ മുഫ്തിയായിരുന്ന അഹ്മദ് സൈനീ ദഹ്‌ലാന്റെ 'റദ്ദുൽ വഹാബിയ്യ'യിൽ ഇങ്ങനെയൊക്കെ ഉള്ളത് തങ്ങൾ കടമെടുത്തതാണെന്ന് അദ്ദേഹവും വ്യക്തമാക്കി.

ഉസ്മാനിയാ ഖിലാഫത്തിന്റെ ഭരണകാലത്ത് മക്കയിലെ ശാഫിഈ കർമശാസ്ത്ര സരണിയുടെ മുഫ്തിയും പണ്ഡിതനുമായിരുന്ന ശൈഖ് ദഹ്‌ലാൻ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഇബ്നു അബ്ദുൽ വഹാബിനെതിരിൽ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഗ്രന്ഥങ്ങൾ രചിച്ചു. ശാഫിഈ മദ്ഹബിന് വേരോട്ടമുണ്ടായിരുന്ന നാടുകളിലെല്ലാം ഈ രചനകൾ വ്യാപകമായി പ്രചരിച്ചു. ഇതോടെ അവർക്കിടയിലും ശൈഖിന്റെ ദഅ്‌വത്തിനെപ്പറ്റി വ്യാപകമായ അബദ്ധധാരണകൾ പടർന്നു.

ശൈഖ് ഇബ്നു അബ്ദുൽവഹാബിന്റെ സമകാലികനായിരുന്ന യമനിലെ പണ്ഡിതൻ സയ്യിദ് ജിഫ്‌രി[10] 1746/1159ൽ കേരളത്തിലെത്തുകയുണ്ടായി. യമനിലും വിവിധ അറബ് രാജ്യങ്ങളിലും അക്കാലത്ത് വ്യാപകമായുണ്ടായിരുന്ന നിരവധി സ്വൂഫി ത്വരീഖത്തുകളിൽ അംഗമായിരുന്നു അദ്ദേഹം. ഇബ്നു അബ്ദുൽവഹാബിനെതിരിൽ അറബ് രാജ്യങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നതും സ്വൂഫികളും ശിയാക്കളും പ്രചരിപ്പിച്ചുവന്നിരുന്നതുമായ കല്ലുവെച്ച നുണയുടെ കൂമ്പാരങ്ങൾ അദ്ദേഹം തന്റെ 'അൽഇർശാദാത്തുൽ ജൽഫരിയ്യ ഫീ റദ്ദി അലാ ദ്വലാലാത്തിന്നജ്ദിയ്യ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു. അഹ്മദ് സൈനി ദഹ്‌ലാന്റെ ശിഷ്യപരമ്പരയിൽപെട്ട മലയാളികളും അല്ലാത്തവരും ഈ ദൗത്യത്തിൽ പങ്കാളികളായി.

56 വരികളിലായി ഇബ്നു അബ്ദുൽ വഹാബിനെ നിശിതമായി വിമർശിക്കുന്നതാണ് പദ്യരൂപത്തിലുള്ള ഈ ലഘുകൃതിയുടെ പ്രമേയം. നജ്ദി ഇബ്നു അബ്ദുൽവഹാബ് കാഫിറാണെന്നും അദ്ദേഹം തന്റെ പിതാക്കന്മാരെയും ഗുരുക്കന്മാരെയും ആബിദീങ്ങളെയും കാഫിറാക്കിയതായും സയ്യിദ് ജിഫ്രി ആരോപിക്കുന്നു.

കോഴിക്കോട്ടുകാരനായ അബ്ദുറഹ്മാൻ ബിൻ അബൂബക്കർ ചാലിയം എന്നയാളിന്റെ ചെലവിലാണ് ഇതിന്റെ അച്ചടി നിർവഹിക്കപ്പെട്ടത്. പ്രമുഖ ബറേൽവി നേതാവ് അഹ്മദ്കോയാ ശാലിയാത്തിയുടെ ചാലിയത്തെ അസ്ഹരിയ്യ ലൈബ്രറിയിലും കാരന്തൂർ മർക്കസിലും ഇതിന്റെ കയ്യെഴുത്തുപ്രതികൾ ഉള്ളതായി സാക്ഷികളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.[11] അറിയപ്പെട്ടിടത്തോളം വഹാബീവിമർശനത്തിന്റെ പേരിൽ കേരളത്തിൽ വിശിഷ്യാ മലയാളികൾക്കിടയിൽ പ്രചരിപ്പിക്കപ്പെട്ട ഒന്നാമത്തെ ക്ഷുദ്രകൃതി സയ്യിദ് ജിഫ്രിയുടെതാണ്.

സമകാലീന സാഹചര്യത്തിൽ വഹാബികൾക്കെതിരിൽ ഉറഞ്ഞുതുള്ളുന്ന ശിയാ/ബറേൽവികൾക്ക് വ്യക്തമായ മറ്റൊരജണ്ടകൂടിയുണ്ടെന്ന വസ്തുതയെ നാം കാണാതിരുന്നുകൂടാ. അത് തുർക്കിയാണ്. മധ്യേഷ്യയിലെ കലുഷിതമായ അന്തരീക്ഷത്തിൽ വ്യക്തമായ ഗ്രൂപ്പിസത്തിന്റെ തുറുപ്പുചീട്ടുകളിറക്കി ലാഭം കൊയ്തുകൊണ്ടിരുന്ന തുർക്കി ഭരണാധികാരി റജബ് ത്വയ്യിബ് ഉർദുഗാൻ അന്താരാഷ്ട്രതലത്തിൽ ശക്തമായ വിമർശനങ്ങളേറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്.[12] ഉസ്മാനി ഖലീഫ സുൽത്വാൻ അബ്ദുൽ ഹമീദിന്റെ അനന്തരാവകാശിയായി ഉർദുഗാനെ ആരോഹണം ചെയ്യിച്ച് ലാഭംകൊയ്യാമെന്ന ചിന്തയിലായിരുന്നു രാഷ്ട്രീയ ഇസ്‌ലാമികളുടെ ചുക്കാൻ പിടിക്കുന്ന ബ്രദർഹുഡ്. ഖലീഫയുടെ പദവി ലഭിക്കുന്നതോടെ തന്റെ ഏകാധിപത്യത്തിനെ ആരും ചോദ്യംചെയ്യാതെ അനുസരിക്കുന്ന സാഹചര്യമുണ്ടാകുമെന്ന് ഉർദുഗാനും കണക്കുകൂട്ടിയിരുന്നു.

**നിലവിലെ തുർക്കി ഭരണാധികാരിയും ബ്രദർഹുഡ് നേതാവുമായ ഉർദുഗാൻ നഖ്ഷബന്ധി ത്വരീഖത്തുമായി വ്യക്തമായ ബന്ധം പുലർത്തിവരുന്നു. തുർക്കിയിലെ നഖ്ഷബന്ധി ത്വരീഖത്തിന്റെ ആത്മീയനേതാവും ലക്ഷക്കണക്കിന് അനുയായികളുടെ ആത്മീയഗുരുവിനെ താണുവണങ്ങുന്ന ഉർദുഗാന്റെ ചിത്രങ്ങളും വീഡിയോയും സുലഭമാണ്.**

ഇതിനിടയിലാണ് ഏറെ വിവാദങ്ങൾക്ക് കാരണമായ അയാസോഫിയാ കടന്നുവരുന്നത്. നൂറ്റാണ്ടുകളോളം ക്രൈസ്തവ ആധിപത്യത്തിൽ കനീസയായും പിന്നീട് മ്യൂസിയമായും ഉപയോഗിക്കപ്പെട്ടിരുന്ന അയാസോഫിയയെ പള്ളിയാക്കി പ്രഖ്യാപിച്ചാൽ രക്തത്തിളപ്പുള്ള മുസ്‌ലിംതലമുറയുടെ കയ്യടിയും പിന്തുണയും നേടിയെടുക്കാമെന്ന് ഉർദുഗാനും ബ്രദർഹുഡും കണക്കുകൂട്ടി. പക്ഷേ, ഈ കണക്കുകൂട്ടലുകൾ തികച്ചും വിപരീതഫലം ചെയ്തുവെന്ന് മാത്രമല്ല, അന്താരാഷ്ട്രതലത്തിൽ ഉർദുഗാനെ സ്നേഹിക്കുകയും തുർക്കി ഭരണകൂടത്തോട് പ്രതിബദ്ധത പുലർത്തുകയും ചെയ്യുന്നവർപോലും ഈ നടപടിയെ നിശിതമായി വിമർശിച്ച് രംഗത്തെത്തുകയുമാണ് ഉണ്ടായത്. ലോകമെമ്പാടുമുള്ള ക്രൈസ്തവ സമൂഹം ഈ നടപടിക്കെതിരിൽ ഇടയലേഖനമിറക്കി മുസ്‌ലിം സമൂഹത്തെ അധിക്ഷേപിക്കുന്ന നടപടി ഇന്നോളം അവസാനിച്ചിട്ടില്ല. യുനസ്‌ക്കോയുടെ പ്രതിഷേധം ഇതുകൂടാതെയും.[13]

ലോകമെമ്പാടുമുള്ള കാക്കത്തൊള്ളായിരം ത്വരീഖത്തുകളുടെ പ്രഭവകേന്ദ്രവും ആസ്ഥാനവുമെന്ന നിലയിൽ സ്വൂഫി/ശിയാ/ബറെലവികളുടെ മനസ്സിൽ തുർക്കിക്ക് ഒരു പ്രത്യേക സ്ഥാനവും മാനവും കൽപിക്കപ്പെടുന്നുണ്ട്. ഉസ്മാനിയാ ഖിലാഫത്തിന്റെ ദുർബലതക്ക് കാരണമായി നിരൂപകന്മാർ രേഖപ്പെടുത്തിയ വ്യക്തമായ കാരണങ്ങളിൽ ഒന്നായിരുന്നു ഖലീഫയുടെ നിരവധി ത്വരീഖത്തുകളിലെ അംഗത്വം. കപട ആത്മീയ ദർശങ്ങളിൽ മുഴുകിയ ഖലീഫക്ക് പിന്നീട് രാജ്യത്തിന്റെ മുക്കുമൂലകളിൽ നടക്കുന്ന ജീർണതകൾ ശ്രദ്ധിക്കാൻ നേരമില്ലാതെവരുന്നത് സ്വാഭാവികമാണല്ലോ.

തുർക്കിയെയും റജബ് ത്വയ്യിബ് ഉർദുഗാനെയും ആദരവിലും ബഹുമാനത്തിലും കാണുന്ന പ്രമുഖ ബ്രദർഹുഡ് ചരിത്രകാരനും ലോകഭീകരതയുടെ പേരിൽ ഒട്ടനവധി ആരോപണങ്ങൾ നേരിടുന്ന പ്രമുഖ പണ്ഡിതനും ചരിത്രകാരനുമായ ഡോ.അലി മുഹമ്മദ് അസ്വല്ലാബിയും ഈ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഖലീഫയുടെ അധികാരവും ഖിലാഫത്തും നഷ്ടപ്പെടാനുണ്ടായ കാര്യകാരണങ്ങളെ എണ്ണിപ്പറയുന്നിടത്ത് ഈ ത്വരീഖത്തുകളുടെ അതിപ്രസരണമാണ് ഡോ.സ്വല്ലാബിക്ക് എടുത്തുപറയാനുള്ളത്.

നിലവിലെ തുർക്കി ഭരണാധികാരിയും ബ്രദർഹുഡ് നേതാവുമായ ഉർദുഗാൻ നഖ്ഷബന്ധി ത്വരീഖത്തുമായി വ്യക്തമായ ബന്ധം പുലർത്തിവരുന്നു. തുർക്കിയിലെ നഖ്ഷബന്ധി ത്വരീഖത്തിന്റെ ആത്മീയനേതാവും ലക്ഷക്കണക്കിന് അനുയായികളുടെ ആത്മീയഗുരുവുമായ പ്രമുഖനെ താണുവണങ്ങുന്ന ഉർദുഗാന്റെ ചിത്രങ്ങളും വീഡിയോയും സുലഭമാണ്.

ഉർദുഗാന്റെ എല്ലാ പ്രസംഗങ്ങളിലും ഒരു വഹാബി വിരുദ്ധത നിറഞ്ഞുനിൽക്കുന്നതായും കാണാനാകും. നാലാൾ കൂടുന്നിടത്തെല്ലാം വഹാബികളെ ഒന്നു കൊട്ടാതെ ഉർദുഗാൻ തന്റെ ഭാഷണങ്ങൾ അവസാനിപ്പിക്കാറില്ല. ഈ നടപടിക്രമങ്ങളൊക്കെ എന്തിനാണെന്ന് ചോദിച്ചാൽ അതിന്റെ മറുപടി ഒറ്റവാക്കിൽ പറയാം: വഹാബി വിരോധം പ്രചരിപ്പിച്ച് സ്വൂഫി/ശിയാ/ബറെലവികളുടെ പിന്തുണയിൽ എങ്ങനെയും കസേരനില നിർത്തണം. അയാസോഫിയാ വിവാദത്തിൽ അടിപതറിയ ഉർദുഗാനും അദ്ദേഹത്തെ ചുമന്നുനടക്കുന്ന ബ്രദർഹുഡ്/ബറെലവി/ശിയാ/സ്വൂഫികളുമാണ് ഇന്ന് കാണുന്ന ഈ വഹാബി വിരോധത്തിന്റെ പിന്നിലുള്ളതെന്ന് വ്യക്തമാണ്. തുർക്കിയിൽനിന്ന് ഉർദുഗാനും ബ്രദർഹുഡും പറത്തിവിടുന്ന ഇടയലേഖനങ്ങൾ ഏറ്റുപിടിക്കുന്ന കേവല മൈക്രോഫോണുകൾ മാത്രമാണ് ഈ കാസിമിയും കൂട്ടരുമെന്ന് തിരിച്ചറിയാൻ ഒരുപാട് അധ്വാനത്തിന്റെയൊന്നും ആവശ്യമില്ല.

**റഫറൻസ്:**


1. 09 തൗബ 34
2. ഹി:1225-1293
3. 2013-2014
4. അത്തംഹീദ്-261
5. ലക്കം: 3561,13.04.1432
6. വാർത്ത: 06 ഒക്ടോബർ2005, ലക്കം-9809 ശർക്കുൽ ഔസത് ഡെയ്‌ലി.
7. വാർത്ത: 20 സെപ്തംബർ, 2011.
8. അൽആസാറുന്നബവിയ്യ: അഹ്മദ് തൈമൂർ ബാഷ, ദാറുൽ കുതുബുൽ അറബി, കൈറോ-1951.
9. a.alshathri.a.s@gmail.com
10. ജനനം: യമനിലെ തരീമിൽ ഹി:1139/ക്രി:1726, മരണം: 1808/1222 കോഴിക്കോട് ജില്ലയിലെ കുറ്റിച്ചിറയിൽ ഖബറടക്കി.
11. Dr. A. Muhammad Bava, Arab Families in Kerala and Their Contribution to Arabic Language & Literature, Ph.D. in Arabic, Supervisor Dr. A. Ubaid, University of Kerala, 2009, http://arabicuniversitycollege.yolasite.com/thesesarchive.php
12. https://www.malayalamnewsdaily.com/node/326431/india/safarulislamstatementabothagiyasofiamasjidissue
13. https://www.asianetnews.com/gallery/internationalnews/hagiasophiamuseumisnowamuslimplaceofworshipqe2jy9#image1


**(അടുത്ത ലക്കം: ജാറവും ഉറൂസുമില്ലാതെ വിസ്മരിക്കപ്പെട്ട ദഹ്‌ലാൻ)**



# വിവാഹപ്രായം: മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

## നേർപഥം വൈജ്ഞാനിക സംവാദം / ഭാഗം 2

**ഈ ലക്കത്തിൽ:**

**കെ. മുരളീധരൻ എം.പി / ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ / മുജാഹിദ് ബാലുശ്ശേരി**

**ആങ്കർ: ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ**

പെൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കി ഉയർത്തുന്നതിലൂടെ കുടുംബം എന്ന അടിസ്ഥാനഘടകം ശിഥിലമാകുന്നത് എങ്ങനെയാണെന്ന് മുജാഹിദ് ബാലുശ്ശേരി നമ്മളുമായി പങ്കുവെക്കുന്നു.

**മുജാഹിദ് ബാലുശ്ശേരി**

ഈ ചർച്ചയിൽ ചില സുപ്രധാനമായ കാര്യങ്ങൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. പ്രായപരിധി വർധിപ്പിക്കുന്നതിന് അനുകൂലമായി സംസാരിക്കുന്നവരുണ്ട്. എന്നാൽ അവർ പ്രായപരിധി വർധിപ്പിക്കുമ്പോൾ വരാനിടയുള്ള അനേകം പ്രതിസന്ധികളെ കാണാതിരിക്കുകയാണ് ചെയ്യുന്നത്. ഫാസിസ്റ്റ് ചിന്താഗതിയുള്ള ഭരണകൂടമാണ് നമ്മുടെ രാജ്യത്തെ നയിക്കുന്നത് എന്ന് എല്ലാവർക്കുമറിയാം. അനേകം ഹിഡൻ അജണ്ടകൾ മുന്നിൽ വെച്ചുകൊണ്ടാണ് അവർ ഭരണം നടത്തുന്നത്.


2005ലെ റിപ്പോർട്ടുകളനുസരിച്ച് അമേരിക്കയിൽ 50 ലക്ഷത്തിലധികം സ്ത്രീപുരുഷന്മാർ വിവാഹം കഴിക്കാതെ ലൈംഗികമായ ആസ്വാദനങ്ങൾക്കുവേണ്ടി ഒന്നിച്ചു ജീവിക്കുന്നുണ്ട്. അവരിലധികവും 15 വയസ്സിന്റെയും 45 വയസ്സിന്റെയും ഇടയിലുള്ളവരാണ്. ഒരു കാര്യം നാം പ്രത്യേകമായി മനസ്സിലാക്കണം. സാമ്രാജ്യത്വശക്തികൾ ലോകത്തെ വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുകയാണ്. അവർക്ക്

ഈ വിഷയത്തിൽ ഒരു അജണ്ടയുണ്ട്. ആ അജണ്ട എന്താണെന്ന് ചോദിച്ചാൽ, ഭദ്രമായ കോട്ടപോലെ കെട്ടിയുയർത്തപ്പെട്ട കുടുംബത്തിന്റെ അടിക്കല്ലിളക്കുക എന്നതാണ്. പെൺകുട്ടികളുടെ വിവാഹ പ്രായം വർധിപ്പിക്കുന്നത് കുടുംബത്തിന്റെ അടിക്കല്ലിളക്കലാണ് എന്നു പറയുന്നതെന്തുകൊണ്ടാണ്? മനുഷ്യൻ ഇതര ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തനായൊരു സൃഷ്ടിയാണ്. ധാർമികത അവന്റെ നിലനിൽപിന് ആധാരമാണ്. 18 വയസ്സായാൽ കല്യാണം കഴിക്കാൻ കാത്തിരിക്കുന്ന ലക്ഷക്കണക്കിന് പെൺകുട്ടികൾ സ്വാഭാവികമായും ഒരു രാജ്യത്ത് ഉണ്ടാകും. അവർക്ക് ലൈംഗികമായ ആഗ്രഹങ്ങൾ ഉണ്ട്. ഒരു ഇണയോടൊപ്പം ജീവിക്കാനുള്ള മോഹമുണ്ട്.

ഒരു നവജാത ശിശുവിന് ആദ്യമായി നമ്മൾ ബിരിയാണിയോ നെയ്ച്ചോറോ കൊടുക്കാറില്ല. അമ്മിഞ്ഞപ്പാലാണ് കൊടുക്കുക. പാൽ മാത്രം കഴിക്കുന്ന കാലഘട്ടം കഴിയുമ്പോൾ ക്രമേണ ദഹിക്കാൻ കഴിയുന്ന മറ്റു ഭക്ഷ്യവസ്തുക്കൾ കൊടുത്തുതുടങ്ങും. കുട്ടിയുടെ പ്രായത്തിനനുസരിച്ച് എന്താണോ ആവശ്യമുള്ളത് അത് കൊടുക്കുക എന്നതാണ് അതിനുള്ള അവകാശം. മുമ്പൊക്കെ ഒരു കുട്ടിക്ക് 5 വയസ്സായാൽ ഒന്നാം ക്ലാസിൽ ചേർക്കും. അതിനിടയിലുള്ള പ്രായത്തിൽ രക്ഷിതാക്കൾ ആ കുട്ടിയുടെ പഠന കാര്യത്തിൽ ആശങ്കപ്പെടാറില്ല. കാലം മാറിയപ്പോൾ അഞ്ച് എന്നത് മൂന്നിലേക്കെത്തി. മൂന്നു വയസ്സുള്ള കുട്ടികളെ എൽകെജിയിൽ ചേർത്ത് പഠിപ്പിക്കുന്നതിലേക്കെത്തി. അങ്ങനെയൊരുവശം ഇതിലുമുണ്ട്.

മനുഷ്യന് അടിസ്ഥാനപരമായി ഭക്ഷണം ആവശ്യമാണ്. നന്നായി വിശക്കുന്ന ഒരാൾക്ക് ഭക്ഷണം ലഭിച്ചിട്ടില്ലെങ്കിൽ അയാൾ എന്തുചെയ്യും? എവിടെനിന്നാണ് ഭക്ഷണം ലഭിക്കുക എന്ന് ആലോചിക്കും. ഏതു മാർഗേണയും വിശപ്പടക്കാൻ തയ്യാറാകും. കാരണം അയാൾക്ക് ജീവിക്കണം. പട്ടിണി കിടന്ന് മരിക്കാൻ ആഗ്രഹമില്ല. അപ്പോൾ ധർമത്തിന്റെയും മൂല്യങ്ങളുടെയും മാർഗം ലംഘിച്ചുകൊണ്ട് അയാൾക്ക് നീങ്ങേണ്ടിവരും.

ദാഹിക്കുന്ന കുട്ടിക്ക് വെള്ളം കൊടുക്കണം. ദാഹിക്കുന്ന ഒരു കുട്ടിയോട് 18 വയസ്സ് തികഞ്ഞാലേ വെള്ളം കുടിക്കാൻ പറ്റൂ എന്ന് പറയാൻ പറ്റുമോ? ദാഹിക്കുമ്പോൾ വെള്ളം കിട്ടുക എന്നതാണ് പ്രധാനം. അതുപോലെ ലൈംഗികദാഹവും ലൈംഗികവിശപ്പും അനുഭവിക്കുമ്പോൾ നിയമാനുസൃതമായ വഴികളിലേക്ക് അവരെ കൊണ്ടുവരിക എന്നതാണ് ശരിക്കും സമൂഹത്തിന്റെ പുരോഗതിക്ക് നിദാനമായി വരുന്നത്. 21 വയസ്സ് ആക്കുന്നതോടുകൂടി ഈ ആഗ്രഹത്തെ അടിച്ചമർത്തേണ്ടിവരും. സ്വാഭാവികമായും അത് പ്രശ്നമുണ്ടാക്കും. അപ്പോൾ സമൂഹത്തിന്റെ നിയമങ്ങൾക്കും ധാർമികതക്കും



വിരുദ്ധമായ മാർഗം തേടും. ലൈംഗിക അരാജകത്വമായിരിക്കും അതിന്റെ അനന്തരഫലം. ലോകത്ത് അങ്ങനെ എമ്പാടും ഉണ്ടായിട്ടുണ്ട് എന്നു നമുക്കറിയാം. ലോകരാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചു നോക്കിയാൽ നമുക്ക് ഈ കാര്യം പൂർണമായി ബോധ്യപ്പെടുന്നതാണ്.

കുടുംബസംവിധാനത്തെ എന്തിനാണ് തകർക്കുന്നത്? ആദ്യത്തെ മനുഷ്യനായ ആദം(അ) ഒരു ഭർത്താവായിരുന്നു, അതോടൊപ്പം പിതാവുമായിരുന്നു. ആദ്യ സ്ത്രീയായ ഹവ്വാബീവി ഭാര്യയും മാതാവുമായിരുന്നു. ഒരുപക്ഷി അതിന്റെ കൂട്ടിൽ സുരക്ഷിതമാണ്. ആ കൂട് പൊളിഞ്ഞു പോയാൽ അതിന്റെ സുരക്ഷിതത്വം നഷ്ടപ്പെടുന്നു. അതുതന്നെയാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. മക്കളെ കുറിച്ചുള്ള ആശങ്കകൾ രക്ഷിതാക്കളിൽ വർധിക്കുന്നു. ഇത് ഇന്ത്യയിലെ മുഴുവൻ മനുഷ്യരെയും ബാധിക്കുന്ന കാര്യമാണ്. എന്താണോ ഒരു വ്യക്തിക്ക് അർഹതപ്പെട്ടത്, അവകാശമായിവരുന്നത് ആവശ്യമായ സമയത്തു തന്നെ അയാൾക്കത് ലഭിക്കേണ്ടതുണ്ട്. അത് നിഷേധിക്കപ്പെടുമ്പോൾ അനുവദനീയമല്ലാത്ത മാർഗത്തിലേക്ക് മനുഷ്യർ തെന്നിമാറുക എന്നത് സ്വാഭാവികമായി സംഭവിക്കുന്ന കാര്യമാണ്. അപ്പോൾ കുടുംബത്തിൽ സമാധാനക്കേടുണ്ടാകും. കുടുംബശിഥിലീകരണം സംഭവിക്കും. ഈ വിഷയത്തെ ഏതെങ്കിലും ഒരു മതക്കാരുടെയോ വിഭാഗത്തിന്റെയോ പ്രശ്നമായിട്ടല്ല കാണേണ്ടത്. ഇത് എല്ലാവരെയും ബാധിക്കുന്നതാണ്.

**കെ. മുരളീധരൻ എം.പി**

കഴിഞ്ഞ ആഗസ്റ്റ് പതിനഞ്ചാം തീയതി പ്രധാനമന്ത്രി നരേന്ദ്രമോഡി ചെങ്കോട്ടയിൽ പതാക ഉയർത്തിക്കൊണ്ട് രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ അദ്ദേഹത്തിന് തന്റെ കഴിഞ്ഞകാല ഭരണ നേട്ടങ്ങളെക്കുറിച്ച് പരാമർശിക്കാൻ കഴിഞ്ഞില്ല, ഒരുപക്ഷേ, ഭരണനേട്ടങ്ങൾ ഇല്ലാത്തതുകൊണ്ടായിരിക്കാം. ഭാവിയെക്കുറിച്ച് ഒരു വ്യക്തമായ ദിശാബോധം നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സാധാരണരീതിയിൽ ആഗസ്റ്റ് 15ന്, കക്ഷിരാഷ്ട്രീയത്തിനതീതമായി രാജ്യത്തെ നയിക്കാൻ ബാധ്യതയുള്ള പ്രധാനമന്ത്രിമാർ മുൻകാലങ്ങളിൽ പതാക ഉയർത്തിയതിനുശേഷം സ്വാതന്ത്ര്യസമരസേനാനികൾക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് രാഷ്ട്രം എങ്ങനെ മുന്നോട്ടു പോകണമെന്നതിനെക്കുറിച്ച് വ്യക്തമായ ദിശാബോധം ജനങ്ങൾക്ക് നൽകിയിരുന്നു. എന്നാൽ ഇക്കഴിഞ്ഞ ആഗസ്റ്റ് 15ന് നരേന്ദ്രമോഡി രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ ഈവക മാനദണ്ഡങ്ങളൊന്നും പാലിച്ചില്ല. അതിനു പകരം അദ്ദേഹം പറഞ്ഞ ഒരു കാര്യം ഇന്ത്യയിലെ പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുന്നതിന് ആലോചിക്കും എന്നതാണ്. ഒരിക്കലും ഒരു സ്വാതന്ത്ര്യദിനത്തിൽ പറയേണ്ട വിഷയമല്ല ഇത്. ഇതുപോലത്തെ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടത് പാർലിമെന്റിലാണ്. അതോടൊപ്പം തന്നെ രാഷ്ട്രീയകക്ഷികളുടെയും മതനേതാക്കന്മാരുടെയും അഭിപ്രായം കൂടി അറിഞ്ഞതിനുശേഷം വേണം ഇതുപോലത്തെ നിയമങ്ങൾ നിർമിക്കാനും ആ നിയമങ്ങൾ പാർലിമെന്റിൽ കൊണ്ടുവന്ന് ചർച്ച ചെയ്യാനും. ഇതൊന്നും പാലിക്കാതെ രാഷ്ട്രത്തിന് വ്യക്തമായ ദിശാബോധം നൽകേണ്ട ഒരു പ്രധാന സന്ദർഭത്തിൽ അനാവശ്യ വിവാദത്തിലേക്ക് പ്രധാനമന്ത്രി പോയിരിക്കുകയാണ്.

ശ്രീ. രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്നപ്പോഴാണ് 18 വയസ്സുകാർക്ക് വോട്ടവകാശം കൊണ്ടുവന്നത്. അത് വലിയൊരു കാൽവയ്പായിരുന്നു. കോൺഗ്രസ്സിന്റെ പ്രവർത്തക സമിതിയിൽ ഇങ്ങനെ ഒരാശയം അദ്ദേഹം മുന്നോട്ടുവച്ചപ്പോൾ അന്ന് വർക്കിംഗ് കമ്മിറ്റിയിലെ പലരും പറയുകയുണ്ടായി; 18 വയസ്സുകാർക്ക് ആവേശം കൂടും, അതിനാൽ നിലവിലുള്ള ഭരണസംവിധാനത്തിന് എതിരായിട്ടുള്ള ഒരു വികാരം അവർക്ക് ഉണ്ടാകും, അതുകൊണ്ട് ഈയൊരു തീരുമാനം ഗുണകരമാണോ എന്ന് പുനഃപരിശോധിക്കണം എന്ന്. അന്ന് രാജീവ് ഗാന്ധി പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്. അദ്ദേഹം പിന്നീട് പൊതുസമ്മേളനത്തിലും പറഞ്ഞു. അതുകൊണ്ടാണ് ഞാൻ അക്കാര്യം ഊന്നിപ്പറയുന്നത്: 'ഒരു മനുഷ്യന് ചിന്തിക്കാനും ആ ചിന്തകൾക്കനുസരിച്ച് പ്രവർത്തിക്കാനും തീർച്ചയായിട്ടും 18 വയസ്സിന്റെ ഊർജം അവരെ സഹായിക്കും. രാജ്യം ആരു ഭരിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശവും നമ്മളവർക്ക് നൽകുകയാണ്.'

ഈ രാജ്യം ആരു ഭരിക്കണം, നമ്മുടെ സംസ്ഥാനം ആരു ഭരിക്കണം, നമ്മുടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ആരു ഭരിക്കണം... ഇതൊക്കെ തീരുമാനിക്കാനുള്ള അവകാശം 18 വയസ്സുകാർക്കുണ്ട്. അതിൽ സ്ത്രീകളും പുരുഷന്മാരുമുണ്ട്. അങ്ങനെ, ഭരണകർത്താക്കളെ പോലും നിശ്ചയിക്കാനുള്ള ഒരു പക്വമായ മനസ്സ് 18 വയസ്സിൽ ഉണ്ടാകും എന്ന് പറയുന്ന കാലഘട്ടത്തിലാണ് നമ്മുടെ പ്രധാനമന്ത്രി പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്താൻ ഒരുങ്ങുന്നത്. സ്വാതന്ത്ര്യദിനത്തിലുള്ള പ്രധാനമന്ത്രിയുടെ ഈ പ്രസ്താവന ഒരു അനാവശ്യവിവാദത്തിന് വഴിവയ്ക്കുകയും വീണ്ടും പ്രധാനമന്ത്രിയുടെ പല നടപടികളെക്കുറിച്ചും രാജ്യത്തിലെ ജനങ്ങൾക്ക് സംശയം ഉണ്ടാക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. ഒരിക്കലും അദ്ദേഹം അങ്ങനെ പരാമർശിക്കാൻ പാടില്ലായിരുന്നു.

ഏതെല്ലാം പരിഷ്കാരങ്ങൾ വരുത്തുന്നുവോ ആ പരിഷ്കാരങ്ങൾക്കു മുമ്പ്, അത് പ്രധാനമന്ത്രി ഏകപക്ഷീയമായി പ്രഖ്യാപിക്കുന്നതിനു മുമ്പ് ഈ രാജ്യത്തെ രാഷ്ട്രീയ പാർട്ടികളെ, പ്രത്യേകിച്ച് പ്രതിപക്ഷത്തിന്റെ ഉൾപ്പെടെ അഭിപ്രായങ്ങൾ ആരായാൻ അദ്ദേഹം തയ്യാറാവേണ്ടതായിരുന്നു. അതിനുശേഷം ഇത് പാർലിമെന്റിൽ കൊണ്ടുവന്നു ചർച്ച ചെയ്യേണ്ടതുണ്ട്. മാത്രമല്ല ഈവക കാര്യങ്ങളൊക്കെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ നിയമസഭകളിൽ ചർച്ച ചെയ്യപ്പെടേണ്ടവയുമാണ്. അതിനുപകരം ഭൂരിപക്ഷമെന്നുള്ള ധാർഷ്ട്യത്തിൽ ഇങ്ങനെയുള്ള നിയമങ്ങൾ അടിച്ചേൽപിക്കുന്നത് ശരിയല്ല. അതിനാൽഈ ഉദ്യമത്തിൽ നിന്ന് പ്രധാനമന്ത്രി പിൻമാറുകയും ഇങ്ങനെ ഒരാശയമുണ്ടെങ്കിൽ ആ ആശയത്തെക്കുറിച്ച് വിവിധ രാഷ്ട്രീയ പാർട്ടികളുടെയും മതപണ്ഡിതന്മാരുടെയും അഭിപ്രായം ആരായുകയും ചെയ്യേണ്ടതുണ്ട്. അതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ പാടുള്ളൂ. ഈ തീരുമാനം ഏകപക്ഷീയമായി അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ രാജ്യത്തെ രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല മതപണ്ഡിതന്മാരും അതിനെതിരായി രംഗത്തുവരുമെന്ന കാര്യത്തിൽ സംശയമില്ല. ആഗസ്റ്റ് 15ന് അദ്ദേഹം പറഞ്ഞ ആ വാചകം തീർച്ചയായിട്ടും ഒരിക്കലും രാജ്യത്തിന് ഗുണകരമാവില്ല എന്ന് പറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

**ആങ്കർ: ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ**

എന്തിനാണ് വിവാഹം? പ്രപഞ്ചത്തിൽ കോടിക്കണക്കിന് സൃഷ്ടിജാലങ്ങളുണ്ട്. അവയെല്ലാം ഇഷ്ടാനുസരണം ഇണചേർന്ന് ജീവിക്കുന്നു. അവയുടെ ലോകത്ത് വിവാഹം എന്ന ഏർപ്പാടില്ല. 'പാറിനടക്കും പറവകളൊന്നും വേളികഴിക്കാറില്ല' എന്ന് ഒരു പാട്ടിന്റെ വരിയിൽ പറയുന്നതുപോലെ ജീവിക്കാനാഗ്രഹിക്കുന്നവരാണ് ഇക്കൂട്ടർ. വിവാഹം എന്ന ഏർപ്പാടിന്റെ ആവശ്യമെന്ത് എന്നു ചിന്തിക്കുന്നവരെക്കുറിച്ച് മുജാഹിദ് ബാലുശ്ശേരിക്ക് എന്തു പറയാനുണ്ട് എന്നു നോക്കാം.

**മുജാഹിദ് ബാലുശ്ശേരി**

ഒരുപാട് കാലമായി നിരീശ്വരവാദികളും യുക്തിവാദികളും അടക്കമുള്ള, കുടുംബമെന്ന സംവിധാനത്തിനെതിരെ ചിന്തിക്കുന്നവരൊക്കെ ചോദിക്കുന്ന ചോദ്യങ്ങളാണ് 'വിവാഹപ്രായം 18 ആയാലെന്ത്, 21 ആയാലെന്ത്, മൃഗങ്ങൾ വിവാഹംകഴിക്കുന്നുണ്ടോ, പാറിനടക്കും പറവകൾ വേളികഴിക്കാറുണ്ടോ, മനുഷ്യനു മാത്രം വിവാഹമെന്ന സമ്പ്രദായം എന്തിനാണ്' എന്നൊക്കെ. എങ്കിൽ നാം തിരിച്ചു ചില ചോദ്യങ്ങൾ ചോദിക്കുന്നു. പക്ഷിമൃഗാദികൾ വിവാഹം കഴിക്കുന്നില്ല, ആ നിലയ്ക്കുള്ള നിയമങ്ങൾ അവലംബിക്കുന്നില്ല. വിവാഹം രജിസ്റ്റർ ചെയ്യുന്നില്ല. ഒക്കെ ശരിയാണ്; അംഗീകരിക്കുന്നു. അതോടൊപ്പം ചോദിക്കട്ടെ; ഈ പക്ഷിമൃഗാദികൾ വസ്ത്രം ധരിക്കുന്നുണ്ടോ? ഇല്ലല്ലോ! അവരുടെ മാതൃക ലൈംഗികരംഗത്ത് പിൻപറ്റാമെങ്കിൽ പിന്നെന്തിനാണ് ഈ വിചിത്രവാദക്കാർ വസ്ത്രം ധരിക്കുന്നത്? എന്തിനാണ് ലോകത്ത് ടെക്സ്റ്റൈൽസുകൾ? എന്തിനാണ് തുണിമില്ലുകൾ? മൃഗങ്ങൾ ഒരു കാര്യം ചെയ്യുന്നില്ല എന്നതുകൊണ്ട് മനുഷ്യൻ അത് ചെയ്യരുത് എന്ന് പറയുന്നതിൽ എന്തർഥമാണുള്ളത്? ഏതെങ്കിലും മൃഗം യൂണിവേഴ്സിറ്റി നടത്തുന്നുണ്ടോ? സ്കൂളുകളും കോളേജുകളും നടത്തുന്നുണ്ടോ? ജന്തുലോകത്ത് ഹെഡ്മാസ്റ്ററും പ്രിൻസിപ്പാളുമുണ്ടോ? ഇല്ലല്ലോ! എങ്കിൽ എന്തേ അക്കാര്യത്തിൽ ഈ വിവാഹവിരുദ്ധർ മൃഗങ്ങളെ പിൻപറ്റുന്നില്ല? വിവരക്കേടിൽനിന്നുണ്ടാകുന്ന ചോദ്യമാണ് യുക്തിവാദ-നിരീശ്വരവാദക്കാർ ചോദിക്കുന്നതെന്നു വ്യക്തം.



പിതാവിന്റെ ബീജം പേറാൻ വിധിക്കപ്പെട്ടവളാണ് പക്ഷിമൃഗാദികളുടെ ലോകത്ത് മകൾ; അതുപോലെ മകന്റെ ബീജം പേറാൻ വിധിക്കപ്പെട്ടവളാണ് അമ്മ. കുറ്റബോധത്തിന്റെ ലാഞ്ചനയെങ്കിലും അവയ്ക്കുണ്ടാകാറില്ല. നാം ശരിക്ക് പഠിക്കുക. എന്തെങ്കിലും ബാലിശമായ ചോദ്യം ചോദിക്കുക, എന്നിട്ട് വലിയ ബുദ്ധിമാനും വിവരമുള്ളവനെന്നും അതിന്റെ പേരിൽ അഹങ്കരിക്കുക. ഇതൊന്നും വകതിരിവുള്ളവർക്ക് ചേർന്നതല്ല.

മറ്റൊരു ശ്രദ്ധേയമായ കാര്യമുണ്ട്. ജന്തുലോകത്ത് വിവാഹമില്ല; എന്നാൽ ലൈംഗിക ജീവിതവും അതുവഴി പെറ്റുപെരുകലുമൊക്കെയുണ്ട്. എന്നിട്ടുമെന്തേ അവയ്ക്കിടയിൽ എയ്ഡ്സും സിഫിലിസും ഗൊണേറിയയും ഇല്ലാത്തത്? ലൈംഗികമായ ഒരു രോഗവും ഇല്ലാത്തത്?

'ഹിസ്റ്ററി ഓഫ് എയ്ഡ്സ്' എന്ന് പേരുള്ള ഒരു ഗ്രന്ഥമുണ്ട്. അതിൽ ഉറാങ് ഒട്ടാങ്ങുമായി മനുഷ്യൻ ബന്ധപ്പെട്ടതുകൊണ്ടാണ് എയ്ഡ്സിന് തുടക്കം കുറിച്ചത് എന്ന് പ്രതിപാദിക്കുന്നുണ്ട്. അതല്ലാത്ത അഭിപ്രായങ്ങളും ഉണ്ട്. മനുഷ്യൻ ഒരിക്കലും നിയന്ത്രിക്കാനാവാത്ത ചില രോഗാണുക്കളെ നിർമിച്ചു എന്നും പറയുന്നുണ്ട്. പക്ഷേ, ഒരു കാര്യം ഉറപ്പാണ്; അധർമത്തിലൂടെ, അഥവാ നിയമാനുസൃതമല്ലാതെ ആരൊക്കെ ലൈംഗികമായ ആഗ്രഹം പൂർത്തീകരിക്കുന്നുവോ അവർക്ക് ദൈവം നൽകുന്ന ഒരു പരീക്ഷണം കൂടിയാണ് ഈ രോഗങ്ങൾ.

വിവാഹത്തെക്കുറിച്ച് വളരെ മോശമായ ധാരണയുണ്ടാക്കുകയും വിവാഹത്തിലൂടെ രൂപപ്പെടുന്ന ഉന്നതമായ കുടുംബസംവിധാനത്തെ ഏറ്റവും മോ

ശമായ ഒരു സംവിധാനമായി വിലയിരുത്തുകയും ചെയ്യുന്നവർ മനസ്സിലാക്കാൻ പറയട്ടെ; 'ഫാദർലസ്' അമേരിക്ക എന്ന് പറയുന്ന ഒരു പുസ്തകമുണ്ട്. ലോകം മുഴുവൻ അറിയപ്പെട്ട ഒരു പുസ്തകം. അത് അമേരിക്കയിലാണ് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ടത്. 'ഫാദർലസ് അമേരിക്ക' എന്നത് നേരിട്ട് മലയാളത്തിൽ പരിഭാഷപ്പെടുത്തുമ്പോൾ 'തന്തയില്ലാത്ത അമേരിക്ക' എന്നുവരും അർഥം! 'ആരാണ് മോനേ നിന്റെ പിതാവ്' എന്ന് ചോദിച്ചാൽ ചൂണ്ടിക്കാണിക്കാൻ ഒരാളില്ല. ധാരാളം കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു സ്കൂളിൽ അവരുടെ രക്ഷിതാക്കൾ 'പാരന്റ്സ് മീറ്റിംഗിൽ പങ്കെടുക്കാനെത്തുമ്പോൾ ചൂണ്ടിക്കാണിക്കാൻ അച്ഛനില്ലാത്ത കുട്ടികളുടെ അവസ്ഥയൊന്ന് ആലോചിച്ചു നോക്കൂ. അവർ അനുഭവിക്കുന്ന മാനസിക സംഘർഷം എത്ര വലുതായിരിക്കും!

'പാപനഗരം' എന്ന് എഴുതിവച്ച ഒരു പ്രദേശമുണ്ട് അമേരിക്കയിൽ. 300 നൈറ്റ് ക്ലബ്ബുകളാണ് അവിടയുള്ളത്. ലൈംഗിക തൊഴിലാളികൾ എന്ന ഓമനപ്പേരിൽ വിളിക്കപ്പെടുന്നവരുടെ വിഹാര കേന്ദ്രം. സാമ്രാജ്യത്വശക്തികളുടെ കച്ചവട ചിന്തകളെ ശരിക്കും ഉദ്ദീപിപ്പിക്കുന്നത് സ്ത്രീ സൗന്ദര്യത്തിന്റെ വിപണനമാണ്. വിവാഹത്തിലൂടെ സംഭവിക്കുന്നത്, കുടുംബജീവിതത്തിലൂടെ സംഭവിക്കുന്നത് ഈ കച്ചവടക്കാരുടെ ആഗ്രഹങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കലാണ്. അതുകൊണ്ട് കുടുംബ സംവിധാനത്തെ ശിഥിലമാക്കുക എന്നത് അവരുടെ ലക്ഷ്യമാണ്.

പെണ്ണിറച്ചിയുടെ വിപണന സാധ്യതകളുടെ എല്ലാ മേഖലകളെയും ത്രസിപ്പിക്കാൻ വേണ്ടിയാണ് സത്യത്തിൽ കുത്തഴിഞ്ഞ ഉദാരലൈംഗികത എന്ന ആശയം ലോകത്തിനുമുമ്പിൽ ഇവർ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ, അതുവഴിയുണ്ടാകുന്ന അനേകം ദുരന്തങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? നമ്മുടെയൊക്കെ ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെയും പിതാവിന്റെയും പേരുണ്ട്, വിലാസമുണ്ട്. എന്നാൽ പിതാവാരെന്നു നിശ്ചയമില്ലാത്തവർ പിതാവിന്റെ പേരിന്റെ കോളത്തിൽ എന്തുകൊടുക്കും? ഇത്തരത്തിൽ മേൽവിലാസമില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കാനാണാണ് നിർഭാഗ്യവശാൽ യുക്തിവാദികളും നിരീശ്വരവാദികളും ശ്രമിക്കുന്നത്. എത്ര വലിയ അപകടകരമായ ഒരു പ്രവണതയിലേക്കാണ് ഈ വിഷയം കടന്നുപോകുന്നത് എന്ന് നമ്മൾ മനസ്സിലാക്കണം. 'പക്ഷികൾ വേളി കഴിക്കുന്നില്ലല്ലോ, അതുകൊണ്ട് മനുഷ്യനും വേളി വേണ്ട' എന്ന വാദം ഉന്നയിക്കുന്നവർ അതിന്റെ ഗൗരവം മനസ്സിലാക്കാതെ പോകരുത്.

വിവാഹപ്രായമെത്തിയാൽ, അതിനുള്ള സൗകര്യങ്ങളൊത്താൽ വിവാഹം കഴിക്കുവാനും അത് ലൈംഗികവിശുദ്ധി കാത്തുസൂക്ഷിക്കുവാനും കണ്ണുകളെ നിയന്ത്രിക്കുവാനുമുള്ള ഏറ്റവും നല്ല കാര്യമാണെന്നും പ്രവാചാധ്യാപനങ്ങളിൽ കാണാം.

ഒരാൾ ഒരു പെണ്ണിനെ കണ്ടു, ഇഷ്ടപ്പെട്ടു. അവളുടെ കൂടെ രണ്ടുമാസം ജീവിച്ചു. പിന്നെ അവളോട് താൽപര്യം ഇല്ലാതാവുകയും അവളെ ഒഴിവാക്കുകയും ചെയ്തു എന്നു വിചാരിക്കുക. ആ പെണ്ണിന്റെ സുരക്ഷിതത്വത്തെ കുറിച്ച് ആലോചിച്ചു നോക്കൂ. അവൾ അനുഭവിക്കുന്ന മാനസിക സംഘർഷം എത്ര വലുതായിരിക്കും. എന്നാൽ നിയമാനുസൃതം വിവാഹം ചെയ്യപ്പെട്ട ഒരു പെൺകുട്ടിക്ക് ഭർത്താവിൽനിന്ന് എന്തെങ്കിലും പ്രയാസമുണ്ടായാൽ അവൾക്ക് അവളുടെ മാതാപിതാക്കളോട് അക്കാര്യം പറയാം. ഭർത്താവിന്റെ മാതാപിതാക്കളോടു പറയാം. ഭാര്യാഭർത്താക്കന്മാർക്കിടയിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഇരുവരുടെയും കുടുംബത്തിൽപെട്ട മധ്യസ്ഥന്മാർ ഒന്നിച്ചിരുന്ന് അവരുടെ പ്രശ്നത്തിൽ രഞ്ജിപ്പുണ്ടാക്കണം എന്നാണ് ക്വുർആനിന്റെ അനുശാസന. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:


"ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ചു പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (4:35).

ഇങ്ങനെ ഒരു വകുപ്പ് 'പാറിനടക്കും പറവകളൊന്നും വേളി കഴിക്കാറില്ല' എന്ന് പറഞ്ഞുകൊണ്ട് ഏത് പെണ്ണുമായും രമിക്കാം, അവളെ ഇഷ്ടമില്ലാത്തപ്പോൾ ഒഴിവാക്കാം എന്ന നിലപാടിൽ ജീവിക്കുന്നവരുടെ ലോകത്ത് കാണാനാകുമോ?

ഈ അപകടത്തെ നമ്മൾ വളരെ ഗൗരവമായി കണ്ടുകൊണ്ട് വേണം മുന്നോട്ടുപോകാൻ. നമുക്ക് മറ്റൊരു താൽപര്യവും ഈ വിഷയത്തിലില്ല; സദുദ്ദേശ്യമല്ലാതെ. മാനവികതയെ നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക്; മനുഷ്യനെ സ്നേഹിക്കുന്നവർക്ക്, ശാന്തമായും സമാധാനത്തോടെയും മുന്നോട്ടുപോകണമെന്ന് വിചാരിക്കുന്നവർക്ക്, സമാധാനപൂർവം ഒത്തുചേരേണ്ട കുടുംബസംവിധാനത്തെ തകർക്കുന്നതിന് കൂട്ടുനിൽക്കാനാവില്ല. മൃഗങ്ങളെ പോലെയുള്ള കുത്തഴിഞ്ഞ ലൈംഗികജീവിതം നയിക്കുക എന്ന സംസ്കാര ശൂന്യത ഇസ്ലാം അംഗീകരിക്കുന്നില്ല. അതാണ് ഈ വിഷയകമായി ഇസ്ലാമിനു പറയാനുള്ളത്.

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
mail@nerpatham.com

ലേഖനം



# ദുരന്തങ്ങളിൽ വിശ്വാസികൾക്കൊരു മാർഗരേഖ

ഒന്നിനു പുറകെ ഒന്നായി ദുരന്തങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ദുരന്തങ്ങൾ മനുഷ്യജീവിതത്തിന്റെ ഭാഗമാണ് എന്നതിൽ സംശയമില്ല. മറ്റേതൊരു വിഷയത്തിലുമെന്നപോലെ ദുരന്തങ്ങളുടെ സന്ദർഭങ്ങളിലും വിശ്വാസികൾക്ക് നിലപാടുകളുണ്ട്. അതവർ സ്വയം കണ്ടെത്തിയതല്ല. മറിച്ച് കാരുണ്യവാനായ സ്രഷ്ടാവ് അവർക്കു നൽകിയ മാർഗദർശനത്തിൽ പെട്ടതാണ്. ആ മാർഗദർശനത്തെ അവർ പിൻപറ്റിയാൽ ഏതു പ്രതിസന്ധിയെയും ദുരന്തങ്ങളെയും വമ്പിച്ച ആത്മവിശ്വാസത്തോടെയും ആത്മസംയമനത്തോടെയും നേരിടാൻ അവർക്കു സാധിക്കുന്നതാണ്. അതവർക്ക് ദുഃഖവും ഭീതിയുമില്ലാത്ത ഒരവസ്ഥ നൽകുകയും ചെയ്യും.

ദുരന്തങ്ങളിൽ ആത്മവിശ്വാസവും സമാധാനവും നൽകുന്ന സ്രഷ്ടാവിന്റെ ആ മാർഗദർശനങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം. പ്രധാനമായും നാലു കാര്യങ്ങളാണ് വിശ്വാസികളുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടത്. അവ ഏതൊക്കെയാണെന്നും അവയുടെ തെളിവുകൾ ഏതൊക്കെയാണെന്നും കാണാം:

## (1) അൽഇഅ്തികാദ് (വിശ്വാസം)

മരണമോ അപകടമോ സംഭവിച്ചാൽ വിശ്വാസി ഉടനെത്തന്നെ തന്റെ വിശ്വാസമെന്താണ് എന്ന് ഓർമിക്കുകയും ഹൃദയത്തിൽ ഉറപ്പിക്കുകയും വേണം. ആ വിശ്വാസമെന്തായിരിക്കണമെന്ന് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നു: “തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും” (2:156).

നാമെല്ലാം അല്ലാഹുവിന് ഉള്ളതാണെന്നും അവനിലേക്കു തന്നെ മടങ്ങേണ്ടവരാണെന്നുമുള്ള പ്രഖ്യാപനം അടിസ്ഥാനപരമായ രണ്ട് വിശ്വാസങ്ങൾ ഉൾക്കൊള്ളുന്നു: 1. അല്ലാഹുവിലുള്ള വിശ്വാസം. 2. മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം.

‘ഇന്നാ ലില്ലാഹി’ എന്ന വാക്യത്തിൽ അല്ലാഹുവിലുള്ള വിശ്വാസം അടങ്ങുന്നു. ഈ പ്രപഞ്ചത്തിലുള്ളതെല്ലാം അവന്റെതാണെന്നും എല്ലാം അവന്റെ സൃഷ്ടികളാണെന്നും എല്ലാറ്റിന്റെയും ഉടമസ്ഥത അവനുള്ളതാണെന്നും മറ്റാർക്കും അതിൽ യാതൊരു പങ്കുമില്ലെന്നും അവന്റെ തീരുമാനങ്ങളാണ് അവന്റെ സൃഷ്ടികളിൽ നടപ്പിലാക്കപ്പെടുന്നതെന്നും സൃഷ്ടിപ്പ്, നാശം, ജനനം, മരണം, ഗുണം, ദോഷം തുടങ്ങിയവയെല്ലാം അവങ്കൽനിന്നാണെന്നും; അവന്റെ തീരുമാനങ്ങളിൽ അവൻ നീതിമാനും കാരുണ്യമുള്ളവനാണ് എന്നും; അവൻ ഉടമയും സൃഷ്ടികൾ അവന്റെ അടിമകൾ മാത്രമാണെന്നും തുടങ്ങി അല്ലാഹുവിലുള്ള വിശ്വാസത്തി ന്റെ കാതലായ എല്ലാ വശങ്ങളും ‘ഇന്നാ ലില്ലാഹി’എന്ന വാക്കിൽ ഉൾപ്പെടുന്നുണ്ട്.

നബിﷺയുടെ മകളുടെ മകൻ മരണപ്പെട്ടപ്പോൾ തിരുമേനി പറഞ്ഞ വാചകം ഈ ആശയത്തെ വ്യക്തമാക്കുന്നതായി കാണാം: ‘നിശ്ചയം, അല്ലാഹു എടുത്തത് അവന്റെതാണ്. അവൻ നൽകിയതും അവന്റെതുതന്നെ. എല്ലാ വസ്തുവിനും അവന്റെയടുത്ത് ഒരു അവധിയുണ്ട്. അതിനാൽ അവൾ ക്ഷമിക്കട്ടെ, അതിനുള്ള പ്രതിഫലം കാംക്ഷിക്കുകയും ചെയ്യട്ടെ.’ (ബുഖാരി, മുസ്‌ലിം)

മരിച്ചവരുടെ ബന്ധുക്കൾക്ക് അനുശോചനം (സാന്ത്വനം) അറിയിക്കുമ്പോഴുള്ള പ്രാർഥന കൂടിയാണിത്. അതെ, നമുക്ക് നൽകപ്പെട്ടതും നമുക്ക് നഷ്ടപ്പെട്ടതുമൊന്നും നമ്മുടെതായിരുന്നില്ല എന്നും എല്ലാം അല്ലാഹു നൽകിയതും അവന്റെതുമാണെന്നും മനസ്സിലാക്കുമ്പോൾ വിശ്വാസികൾക്ക് അത് എന്തെന്നില്ലാത്ത ആശ്വാസവും സമാധാനവും നൽകുന്നു.

ആരെങ്കിലും നമ്മെ ഏൽപിച്ച ഒരു വസ്തു തിരിച്ചുചോദിച്ചാൽ അത് തിരിച്ചുനൽകുന്നതിൽ നമുക്ക് വിഷമം ഇല്ലാത്തതുപോലെ, അല്ലെങ്കിൽ ഉണ്ടാവാൻ പാടില്ലാത്തത് പോലെത്തന്നെ അല്ലാഹു നൽകിയ ഏതൊരു അനുഗ്രഹവും; അത് കുടുംബങ്ങളോ സ്വത്തോ, മറ്റെന്തെങ്കിലുമോ ആകട്ടെ അല്ലാഹുവിന് അത് തിരിച്ചെടുക്കുവാനുള്ള അവകാശമുണ്ടെന്ന് നാം ഉൾക്കൊണ്ടാൽ അത് നമുക്ക് വലിയ മനസ്സമാധാനം നൽകുന്നതാണ്.

ഇപ്രകാരം ഒരു ആപത്ത് (മുസ്വീബത്ത്) ബാധിക്കുമ്പോൾ നമ്മുടെ വിശ്വാസകാര്യങ്ങളിലേക്ക് മനസ്സു കൊണ്ട് മടങ്ങുകയും അത് അരക്കിട്ടുറപ്പിക്കുകയും ചെയ്യുക. ഇസ്‌ലാമിന്റെ ഈ വിഷയത്തിലെ ഈയൊരു മാർഗദർശനം വിശ്വാസികൾക്ക് ഏറെ ആശ്വാസം നൽകുന്നതാണ്.

രണ്ടാമത് നാം പറയുന്നത് ‘വ ഇന്നാ ഇലയ്ഹി റാജിഊൻ’ (നിശ്ചയമായും നാമെല്ലാം അല്ലാഹുവിലേക്ക് മടങ്ങേണ്ടവരാണ്) എന്നാണ്. ഇത് പരലോക വിശ്വാസത്തെ കുറിക്കുന്നു. ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസങ്ങളിൽ പെട്ടതാണ് പരലോകവിശ്വാസം.



അല്ലാഹു നമ്മെയെല്ലാം സൃഷ്ടിച്ചത് അവനെ അനുസരിച്ചും അവന്ന് ഇബാദത്തുകൾ ചെയ്തുകൊണ്ടും ജീവിക്കാനാണെന്നും, അവൻ ജീവിതത്തിന് ഒരു നിർണിത അവധി വെച്ചിട്ടുണ്ടെന്നും, അത് കഴിഞ്ഞാൽ നാമെല്ലാം അല്ലാഹുവിലേക്ക് മടക്കപ്പെടുമെന്നും ജീവിതത്തിന്റെ കണക്കുകൾ അവിടെ ബോധിപ്പിക്കേണ്ടതുണ്ടെന്നുമുള്ള വിശ്വാസം 'ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ' എന്ന വാക്കിൽ അടങ്ങിയിട്ടുണ്ട്. വിധിയിലുള്ള വിശ്വാസത്തെ കൂടി അംഗീകരിക്കുകയാണ് നാം ഇതിലൂടെ ചെയ്യുന്നത്. 'എല്ലാം അല്ലാഹുവിന്റെ അടുക്കൽ ഒരു നിർണിത അവധിവരെ മാത്രമാണ്'(മുസ്‌ലിം) എന്ന പ്രവാചക വചനം ഈ ആശയത്തെ അരക്കിട്ടുറപ്പിക്കുന്നു.

അപ്പോൾ അല്ലാഹു നിശ്ചയിച്ച അവധിയെത്തിയാൽ എല്ലാവരും അല്ലാഹുവിലേക്ക് മടങ്ങിപ്പോകേണ്ടതുണ്ട് എന്നും, അതിനെ മറികടക്കാൻ ആർക്കും സാധിക്കുകയില്ല എന്നുമുള്ള അല്ലാഹുവിന്റെ വിധിയിലും പരലോകത്തിലുമുള്ള വിശ്വാസം പരീക്ഷണങ്ങളെ, ദുരന്തങ്ങളെ, മരണങ്ങളെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ വിശ്വാസികളെ സഹായിക്കുന്നു.

അപ്പോൾ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹു നമ്മോട് പറയാൻ കൽപിച്ച 'ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ' എന്ന വാക്യത്തിലൂടെ അല്ലാഹുവിലും അവന്റെ വിധിയിലും പരലോകത്തിലുമുള്ള വിശ്വാസം വിശ്വാസികളിൽ ശക്തിപ്പെടുകയും അവർ സമാധാനമടയുകയും ചെയ്യുന്നു.

### (2) അൽക്വൗൽ (നാവുകൊണ്ട് പറയൽ)

ഒരു വിപത്ത് ബാധിച്ചാൽ വിശ്വാസത്തിനു പുറമെ വാക്കുകളായി നാം പറയേണ്ട ചില കാര്യങ്ങളുണ്ട്. അതിൽ ഒന്നാണ് നാം നേരത്തെ മനസ്സിലാക്കിയത്. സ്വീകാര്യയോഗ്യമായ ഹദീഥിലൂടെ അത് എന്താണെന്ന് നമുക്ക് മനസ്സിലാക്കാം.

'ഏതൊരു മുസ്‌ലിമിനും ഒരു ദുരന്തം ബാധിക്കുകയും അപ്പോൾ അവൻ അല്ലാഹു കൽപിച്ചതു പോലെ 'ഞങ്ങൾ അല്ലാഹുവിന് ഉള്ളവരാണ്. ഞങ്ങളുടെ മടക്കവും അവന്റെ അടുത്തേക്കാണ്. അല്ലാഹുവേ! എന്റെ ഈ വിപത്തിൽ എനിക്ക് പ്രതിഫലം (പാരിതോഷികം) നൽകേണമേ. അതിന് പകരം അതിലും ഉത്തമമായത് എനിക്ക് നൽകേണമേ' എന്ന് പ്രാർഥിക്കുകയും ചെയ്താൽ അതിനെക്കാൾ ഉത്തമമായത് അല്ലാഹു അവന്ന് നൽകാതിരിക്കുകയില്ല.' (സ്വഹീഹു മുസ്‌ലിം)

ഈമാൻ എന്ന് പറഞ്ഞാൽ വിശ്വാസവും വാക്കും പ്രവൃത്തിയും അടങ്ങിയതാണല്ലോ. നാം നേരത്തെ വിശദീകരിച്ച, വിശ്വാസത്തെ അരക്കിട്ടുറപ്പിക്കുന്ന വാക്കുകൾ നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. നാം ഇത് പ്രഖ്യാപിക്കുമ്പോൾ നമ്മെ സംബന്ധിച്ച് മറ്റുള്ളവർക്ക് ആത്മവിശ്വാസം വർധിക്കുന്നു. നമ്മെ ആശ്വസിപ്പിക്കാൻ അതവർക്ക് എളുപ്പമായിത്തീരുകയും ചെയ്യുന്നു.

അതേപോലെ മറ്റൊരു വാക്കാണ് 'നിശ്ചയം, അല്ലാഹു എടുത്തത് അവന്റെതാണ്, അവൻ നൽകിയതും അവന്റെതു തന്നെ. എല്ലാ വസ്തുവിനും അവന്റെയടുത്ത് ഒരു അവധിയുണ്ട്. അതിനാൽ അവൾ (ഏതൊരാളും) ക്ഷമിക്കട്ടെ, അതിനുള്ള പ്രതിഫലം കാംക്ഷിക്കുകയും ചെയ്യട്ടെ' എന്നത്.

ചുരുക്കത്തിൽ ഇത്തരം പ്രാർഥനകളും മറ്റും, നമുക്കും നാം പറയുന്നത് കേൾക്കുന്നവർക്കും ആത്മവിശ്വാസവും സമാധാനവും വർധിക്കാൻ കാരണമായിത്തീരുന്നു.

### (3) അൽഅമൽ (പ്രവൃത്തി)

ദുരന്തങ്ങളും പരീക്ഷണങ്ങളും വരുമ്പോൾ നമ്മുടെ ഭാഗത്തുനിന്ന് നിർബന്ധമായും ഉണ്ടാവേണ്ടുന്ന രണ്ടു പ്രവർത്തനങ്ങൾ ഉണ്ട്: 1) ക്ഷമ. 2) പ്രതിഫലം ആഗ്രഹിക്കൽ.

ഏതൊരു പരീക്ഷണ ഘട്ടത്തിന്റെയും ആദ്യഘട്ടത്തിൽ തന്നെ നമുക്ക് വേണ്ടത് ക്ഷമയാണ്. ക്ഷമയെന്ന് പറഞ്ഞാൽ നാം നേരത്തെ പറഞ്ഞ കാര്യങ്ങളിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് സമാധാനമടയലും അല്ലാഹുവിനെ സംബന്ധിച്ച് നല്ലവിചാരം വെച്ചുപുലർത്തലും അല്ലാഹുവിന് ഇഷ്ടപ്പെടാത്ത എല്ലാ വാക്കുകളിൽനിന്നും പ്രവർത്തികളിൽനിന്നും വിട്ടുനിൽക്കലുമാണ്.


പറയാനുള്ളതെല്ലാം പറഞ്ഞ്, ചെയ്യാനുള്ളതെല്ലാം ചെയ്ത് പിന്നീട് 'ഞാൻ ക്ഷമിക്കുന്നു' എന്ന് പറയുന്നതിൽ അർഥമില്ല. മാത്രമല്ല നാം നേരത്തെ വിശദീകരിച്ച വിശ്വാസകാര്യങ്ങളിൽ നാം വിശ്വസിക്കുന്നു എന്നതിന്റെ അടയാളം പോലും ക്ഷമയിലൂടെയാണ് നാം തെളിയിക്കേണ്ടത്.

അതുകൊണ്ടാണ് പ്രവാചകൻﷺ മകനെ നഷ്ടപ്പെട്ട തന്റെ മകളോട് ക്ഷമിക്കുവാൻ പറഞ്ഞത്. 'ക്ഷമാലുക്കൾക്ക് സന്തോഷവാർത്ത അറിയിക്കുക' (ക്വുർആൻ 2:155) എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു ആഹ്വാനം ചെയ്യുന്നതും ക്ഷമിക്കാനാണല്ലോ. (തുടരും)

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

ശാസ്ത്രം വളർന്നപ്പോൾ ദൈവം തളർന്നോ? 2



# ദൈവവിശ്വാസികളായ ശാസ്ത്രജ്ഞർ

മതത്തിന്റെ വക്താക്കൾ ശാസ്ത്രബോധമില്ലാത്തവരാണെന്നും ശാസ്ത്രം വളർന്നാൽ, അല്ലെങ്കിൽ മനുഷ്യർ ശാസ്ത്രപഠനത്തിന്റെ ഉന്നതിയിൽ എത്തിയാൽ ദൈവം അപ്രസക്തമാകുമെന്നുമൊക്കെയുള്ള യുക്തിവാദ പ്രസ്ഥാനക്കാരുടെ പ്രചാരണത്തിന്റെ നിജസ്ഥിതിയാണ് നാം പരിശോധിച്ചു വരുന്നത്. കഴിഞ്ഞ ലക്കത്തിൽ ഐൻസ്റ്റീനും ന്യൂട്ടണുമെല്ലാം ദൈവവിശ്വാസികളായിരുന്നുവെന്ന് നാം സൂചിപ്പിക്കുകയുണ്ടായി. ഇനി ദൈവവിശ്വാസികളായ മറ്റ് പ്രഗത്ഭരായ ശാസ്ത്രജ്ഞർ ആരെല്ലാമായിരുന്നു എന്ന് കൂടി പരിശോധിക്കാം.

## ഇരുപതാം നൂറ്റാണ്ടിനു മുമ്പുള്ള ദൈവവിശ്വാസികളായ ശാസ്ത്രജ്ഞർ

ഇന്നു നാം അനുഭവിക്കുന്ന പല ശാസ്ത്ര വൈജ്ഞാനിക മേഖലകളുടെയും തുടക്കം കുറിച്ചത് 16,17,18,19 നൂറ്റാണ്ടുകളിലായിരുന്നു. വിവിധ ശാസ്ത്രമേഖലകൾക്ക് തുടക്കംകുറിച്ച പ്രമുഖരായ ശാസ്ത്രജ്ഞരെല്ലാം ദൈവവിശ്വാസികളായിരുന്നുവെന്ന കാര്യം ശ്രദ്ധേയമാണ്. 16ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗലീലിയോ ഗലീലിയും നികോളാസ് കോപ്പർ നിക്കസും 17ാം നൂറ്റാണ്ടിൽ ജീവിച്ച, പ്രസിദ്ധമായ 'ഗ്രഹങ്ങളുടെ ചലന നിയമങ്ങൾ' (Kepler's Law of Planetary motion) രൂപീകരിച്ച കെപ്ലറും ദൈവവിശ്വാസികളായിരുന്നു.

'ശാസ്ത്ര പഠനത്തിന്റെ രീതികൾ' ആവിഷ്കരിച്ചെടുത്തത് ഗലീലിയോ ആയിരുന്നു. അദ്ദേഹം പറയുന്നത് കാണുക: "മനുഷ്യശരീരത്തിലെ ചിന്തകൾ, പ്രവർത്തനങ്ങൾ തുടങ്ങിയ അത്ഭുതകരമായ പല കാര്യങ്ങളിലേക്കും നോക്കുമ്പോൾ, എനിക്ക് കൂടുതൽ ബോധ്യംവന്ന ഒരു കാര്യം എന്തെന്നാൽ, മനുഷ്യബുദ്ധി എന്നത് ദൈവത്തിന്റെ സൃഷ്ടിയാണ്. ഏറ്റവും മഹത്തരമായ സൃഷ്ടി വൈഭവം"(Michael Caputoയുടെ Einstein, Galileo, Newton: What did the three greatest scientists believe about God എന്ന പുസ്തകം, പേജ് 85ൽ ഉദ്ധരിച്ചത്).

'ആധുനിക കെമിസ്ട്രിയുടെ പിതാവ്' (Father of Modern Chemistry) എന്നറിയപ്പെടുന്ന റോബർട്ട് ബോയിൽ (1627-1691) ഒരു ശക്തനായ മതവിശ്വാസിയായിരുന്നു എന്നതാണു വാസ്തവം. അദ്ദേഹം അദ്ദേഹത്തിന്റെ മതവിശ്വാസവും ചിന്തകളും ക്രോഡീകരിച്ച് എഴുതിയ ഗ്രന്ഥമാണ് The Excellency of Theology (1674) എന്നത്. ഇതിൽ ദൈവനിഷേധികളെ അദ്ദേഹം നിശിതമായി വിമർശിക്കുന്നുണ്ട്. ആ ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഉദ്ധരണി കാണുക: "ആകാശഗോളങ്ങളുടെ വിശാലത, സൗന്ദര്യം, ചലനങ്ങളിലുള്ള കൃത്യത, ജന്തുക്കളുടെയും സസ്യങ്ങളുടെയും അത്ഭുതകരമായ ഘടന പോലുള്ള പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് ചിന്തിച്ചാൽ ബുദ്ധിയുള്ള, മുൻധാരണയില്ലാത്ത ഏതൊരാൾക്കും പരമാധികാരിയായ, ശക്തനായ ഒരു സ്രഷ്ടാവ് ഉണ്ടെന്ന നിഗമനത്തിൽ എത്താൻ സാധിക്കും."

ഇനി വൈദ്യശാസ്ത്രത്തിലേക്ക് വരാം. 'മൈക്രോബയോളജിയുടെയും ഇമ്മ്യൂണോളജിയുടെയും പിതാവ്' എന്നറിയപ്പെടുന്ന, ആന്ത്രാക്സ്, റാബീസ് എന്നിവക്കുള്ള വാക്സിൻ ആദ്യമായി വികസിപ്പിച്ചെടുത്ത മഹാനായ ലൂയിസ് പാസ്ച്ചർ (1822-1895) ഒരു ദൈവവിശ്വാസിയായിരുന്നു. ആധുനിക 'ജനിതക ശാസ്ത്രത്തിന്റെ പിതാവ്' (Father of Genetics) എന്നറിയപ്പെടുന്ന ഗ്രിഗർ മെൻഡൽ (1822-1884) ഒരു ചർച്ചിലെ പുരോഹിതനായിരുന്നു.

## കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച പ്രമുഖരായ ശാസ്ത്രജ്ഞർ

വിവിധ ശാസ്ത്രമേഖലകളിൽ നിരവധി കണ്ടെത്തലുകൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമായിരുന്നു 20ാം നൂറ്റാണ്ട്. 1900 മുതൽ 2000 വരെ ജീവിച്ച പ്രഗത്ഭരും ദൈവവിശ്വാസികളുമായ ശാസ്ത്രജ്ഞർ ആരെല്ലാമായിരുന്നുവെന്ന് പരിശോധിക്കാം.

**(1) മാക്സ് പ്ലാങ്ക്: (1858-1947).** ജർമൻ സ്വദേശി, PhD in Physics. ക്വാണ്ടം തിയറിയുടെ (Quantum theory) ഉപജ്ഞാതാവ്. ആധുനിക ഫിസിക്സിന്റെ പിതാവ് എന്നറിയപ്പെടുന്നു. ആപേക്ഷികതാ സിദ്ധാന്തത്തിനും (Theory of relativtiy) വൈദ്യുത കാന്തിക തരംഗ (Eletcromagnetic waves) പഠനത്തിന് സംഭാവനകൾ നൽകിയിട്ടുണ്ട്. 1918ൽ ഫിസിക്സിൽ നോബൽ സമ്മാനം നേടി. ഇനി അദ്ദേഹത്തിന് ദൈവത്തെ പറ്റി എന്താണു പറയാനുള്ളതെന്ന് നോക്കാം:

"മതവും ശാസ്ത്രവും തമ്മിൽ ഒരു ഏറ്റുമുട്ടലിന്റെ ആവശ്യമില്ല. ഗൗരവമായി ചിന്തിക്കുന്ന ഒരു വ്യക്തിക്ക് അവന്റെ ഉള്ളിൽ ഒരു മതബോധം കണ്ടെത്താനാകും. അതിനെ പരിപോഷിപ്പിക്കുക വഴി അവനു ജീവിതത്തിൽ ഒരു സന്തുലിതത്വം കണ്ടെത്താനാകും. ചരിത്രത്തിലെ പ്രമുഖരെല്ലാം ദൈവ വിശ്വാസികളായിരുന്നു എന്നത് ആകസ്മികമായി സംഭവിച്ചതല്ല" (പ്ലാങ്കിന്റെ തന്നെ ഗ്രന്ഥമായ Where is science goingൽ ഉദ്ധരിച്ചത്).

മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: "...പ്രപഞ്ചത്തിലെ എല്ലാ ഊർജങ്ങൾക്കും പിന്നിൽ ഒരു ബുദ്ധിമാനായ ശക്തിയുണ്ട്. അതായത് എല്ലാത്തിന്റെയും കാരണക്കാരനായ ഒരു ബുദ്ധി" (Quoted in "Material science on the wrongt rack").

**(2) എർവിൻ ഷ്രോഡിംഗർ (1887-1961):** ഓസ്ട്രിയക്കാരൻ. PhD in Physics. ആറ്റോമിക് തിയറിക്ക് 1933ൽ നോബൽ സമ്മാനം. തരംഗ സിദ്ധാന്തത്തിനും ക്വാണ്ടം മെക്കാനിക്സിനും സംഭാവനകൾ നൽകിയിട്ടുണ്ട്. വേവ് മെക്കാനിക്സിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്നു. അദ്ദേഹം പറയുന്നു: "നമ്മൾ എവിടെനിന്ന് വന്നു? എവിടേക്കാണ് നാം പോകുന്നത്? ഇതൊരു വലിയ ചോദ്യമാണ്. എല്ലാവർക്കും ആശയക്കുഴപ്പമുള്ള ചോദ്യം. സയൻസിന് ഇതിനൊരു ഉത്തരവുമില്ല"(Nature and the Greeks, Page: 95,96).

ജീവിതത്തിന്റെ ലക്ഷ്യം, മരണാനന്തരം എന്ത് തുടങ്ങിയ കാര്യങ്ങൾ ഷ്രോഡിംഗറെ ചിന്തിപ്പിച്ചിരുന്നു എന്ന് ഈ വരികളിൽനിന്ന് വ്യക്തമാണ്. ഇത് എല്ലാ കാലത്തുള്ളവർക്കും ഉത്തരം കിട്ടാത്ത ചോദ്യമാണെന്നും ശാസ്ത്രത്തിനു ഇവക്ക് ഉത്തരമില്ലെന്നും അദ്ദേഹം പറയുന്നു. യൂറോപ്യനായ ഷ്രോഡിംഗർ ഇന്ത്യൻവേദങ്ങളിലും ഉപനിഷത്തുക്കളിലുമൊക്കെ തൽപരനായിരുന്നതായി കാണാം. അതായത് ദൈവത്തെ അന്വേഷിച്ച് വേദോപനിഷത്തുകൾ വരെ അദ്ദേഹം എത്തി എന്നർഥം.

**(3) വെർണർ ഹൈസൻബർഗ് (1901–1976):** ജർമനിക്കാരൻ. PhD in Physics. 1932ൽ നോബൽ സമ്മാനം. ഇദ്ദേഹത്തിന്റെ 'അനിശ്ചിതത്വ സിദ്ധാന്തം' (Uncertaintiy Principle) ഫിസിക്സിലെ ഒരു അടിസ്ഥാന സിദ്ധാന്തമാണ്. അദ്ദേഹം പറഞ്ഞു: 'ശാസ്ത്രത്തിന്റെ ആദ്യ ഇറക്കുവെള്ളം കുടിച്ചാൽ നീ ഒരു നിരീശ്വരവാദി ആയേക്കാം. എന്നാൽ അതേ ഗ്ലാസ്സിന്റെ അടിഭാഗത്ത് ദൈവം നിന്നെ കാത്തിരിക്കുന്നു" (Heisenberg, quoted in Hilderbrand, 1988). ശാസ്ത്രത്തിലെ അൽപജ്ഞാനം നിന്നെ ഒരു നിരീശ്വരവാദി ആക്കാമെങ്കിലും ആഴത്തിലുള്ള പഠനം നിന്നെ ഒരു ദൈവവിശ്വാസിയാക്കും എന്നർഥം.

**(4) റോബർട്മില്ലിക്കൻ (1868–1953):** അമേരിക്കക്കാരൻ. PhD in Physics. ഇലക്ട്രോൺ കണികയുടെ ചാർജ് കണ്ടെത്തിയതിനു 1923ൽ നോബൽ സമ്മാനം. മില്ലിക്കൻ അദ്ദേഹത്തിന്റെ ബയോഗ്രഫിയിൽ എഴുതുന്നു: "മനുഷ്യരാശിയുടെ നന്മയും വളർച്ചയും നിലകൊള്ളുന്നത് രണ്ട് കാര്യങ്ങളിലാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ കാര്യങ്ങൾ തകരും. അവയിൽ ഒന്ന് അവനിലുള്ള മതത്തിന്റെ അംശമാണ്.മറ്റേത് ശാസ്ത്രബോധവും" (Autobiography of Millikan, Chapter 12, "The two supreme elements of human progress").

അദ്ദേഹം ഇത്രകൂടി പറഞ്ഞു: "ഒരു നിരീശ്വര വാദിക്ക്(ദൈവനിഷേധി) ഒരു നല്ല ശാസ്ത്രജ്ഞനാകാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. ഗൗരവമായി ചിന്തിക്കുന്ന ഒരാൾ ദൈവനിഷേധിയായതായി എനിക്കറിയില്ല" (Taken from an interview "A scientist's God" in 1925).

മറ്റൊരിക്കൽ മില്ലിക്കൻ പറഞ്ഞു: 'സയൻസ് നമുക്ക് വ്യവസ്ഥാപിതമായ ഈ പ്രപഞ്ചത്തെപ്പറ്റി അറിയിച്ച് തന്നു. കൃത്യമായ കണക്കുകളോടും നിയമങ്ങളോടുംകൂടി പ്രവർത്തിക്കുന്ന പ്രപഞ്ചം. ഒറ്റ വാക്കിൽ പറഞ്ഞാൽ പ്രകൃതിനിയമങ്ങൾ വഴി പ്രവർത്തിക്കുന്ന ഒരു ദൈവം" (Science and Religion, Page: 70, Yale Universtiy press, 1930).

**(5) ചാൾസ് ടൊവൻസ് (1915–2015):** അമേരിക്കക്കാരൻ. PhD in Physics. 1964ൽ ക്വാണ്ടം ഇലക്ട്രോണിക്സിൽ നോബൽ സമ്മാനം. ലേസർ കണ്ടുപിടിച്ചത് ഇദ്ദേഹമാണ്. 2002 ഏപ്രിലിൽ പാരീസിൽ വെച്ചു നടന്ന The covergencs of Science and religion (മതത്തിന്റെയും ശാസ്ത്രത്തിന്റെയും സംഗമം) എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സയൻസും മതവും വ്യത്യസ്തമായ ഘടകങ്ങളായാണ് സാധാരണ പരിഗണിക്കപ്പെടാറുള്ളത്. മതം പ്രപഞ്ചത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ശാസ്ത്രം സംസാരിക്കുന്നത് പ്രപഞ്ചത്തിന്റെ ഘടനയെയും പ്രവർത്തനത്തെ പറ്റിയാണ്. അഥവാ ഇവ രണ്ടും പരസ്പരബന്ധിതമാണ്."

1998ൽ 'ദി ന്യൂസ് വീക്' മാഗസിന് കൊടുത്ത അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു: "പ്രപഞ്ചത്തെക്കുറിച്ചുള്ള പുതിയ കണ്ടെത്തലുകൾ മതവീക്ഷണങ്ങളോട് ചേർന്നുനിൽക്കുന്നതാണ്" (ദി ന്യൂസ് വീക്, 1998, ജുലൈ 27).

**(6) ആർതർ ഷാവ്‌ലോ (1921–1999):** അമേരിക്കക്കാരൻ. PhD in Physics. ലേസർ സ്പെക്ട്രോമെട്രിയിലുള്ള സംഭാവനകൾക്ക് 1981ൽ നോബൽ സമ്മാനം. അദ്ദേഹം പറയുന്നത് കാണാം:

"ജീവനുകളുടെയും ഈ പ്രപഞ്ചത്തിന്റെയും അത്ഭുതങ്ങൾ കാണുമ്പോൾ ഒരാൾ ചോദിച്ചേക്കാം; 'എന്തുകൊണ്ട്?' ഇതിനുള്ള ഒരേയൊരു ഉത്തരം മതം എന്നാണ്. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ശാസ്ത്രപഠനം ഒരു ആരാധനയായി ഞാൻ കാണുന്നു. കാരണം, അതുവഴി ദൈവത്തിന്റെ അത്ഭുത സൃഷ്ടിപ്പിനെ കൂടുതൽ അടുത്തറിയാൻ എനിക്ക് സാധിക്കുന്നു" (Cosmos,Bios,TheosMargenau& Varghese.M.Roy).

**(7) സർ വില്യം ബ്രാഗ്:** ബ്രിട്ടീഷ് പൗരൻ. 1915ൽ ഫിസിക്സിൽ നോബൽ സമ്മാനം. ഇദ്ദേഹം 1941ൽ 'സയൻസും വിശ്വാസവും' എന്ന പേരിൽ ഒരു പ്രഭാഷണം നടത്തിയിട്ടുണ്ട്. അതിൽ അദ്ദേഹം പറഞ്ഞു: "ഒരു മനുഷ്യന്റെ ലക്ഷ്യം പഠിപ്പിക്കുന്നത് മതമാണ്. സയൻസ് ആ ലക്ഷ്യത്തിലേക്ക് അടുക്കാൻ അവനെ സഹായിക്കുന്നു. ചിലപ്പോൾ ആളുകൾ ചോദിക്കാറുണ്ട്; സയൻസും മതവും പരസ്പര വിരുദ്ധങ്ങളല്ലേ എന്ന്. ഞാൻ പറയും; അതെ, എന്റെ കൈയിലെ തള്ളവിരലും മറ്റു വിരലുകളും എതിർ ദിശയിലായത് പോലെ. ഇവ എതിർദിശയിലായതുകൊണ്ടാണല്ലോ നമുക്ക് പിടിക്കാൻ സാധിക്കുന്നത്" (Caroe ഉദ്ധരിച്ചത്, പേജ്: 164).

**(8) മാർക്കോണി:** ഇറ്റലിക്കാരൻ. ഇദ്ദേഹമാണ് ടെലിഗ്രാഫിയും ഇന്ന് നമ്മൾ കേൾക്കുന്ന റേഡിയോയും കണ്ടുപിടിച്ചത്. ഈ കണ്ടെത്തലിനാണ് 1909ൽ അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയത്. അദ്ദേഹം പറഞ്ഞു:

"പ്രകൃതിയെക്കുറിച്ചും ശാസ്ത്രത്തെപ്പറ്റിയും ഞാൻ എത്രയധികം പഠിക്കുന്നുവോ അത്രയുമധികം ദൈവത്തിന്റെ മനുഷ്യരോടുള്ള ബന്ധത്തെ ഞാൻ അറിയുന്നു. ആ സ്രഷ്ടാവും നിയന്താവുമായ ദൈവത്തെ ഞാൻ എത്ര അറിയാൻ ശ്രമിക്കുന്നുവോ അ

പ്പോഴൊക്കെ ഞാൻ ശാസ്ത്രത്തോടടുക്കുന്നു"(മാർക്കോണിയിൽ നിന്ന് ഭാര്യ ക്രിസ്റ്റീന മാർക്കോണി ഉദ്ധരിച്ചത്, പേജ്: 244).

**(9) ആർതർ കോമ്പ്റ്റൺ:** അമേരിക്കക്കാരൻ. 1927ൽ നോബൽ സമ്മാനം. എക്സറേ തരംഗത്തെ എലക്ട്രോണുകളുമായി കൂട്ടിമുട്ടിച്ച് പരീക്ഷണം നടത്തി. 'മരണാനന്തര ജീവിതം ഒരു ശാസ്ത്രജ്ഞന്റെ വീക്ഷണത്തിൽ' എന്ന ഒരു ലേഖനം (1931) ഇദ്ദേഹം എഴുതിയിട്ടുണ്ട്. Chicago daily Newsൽ അദ്ദേഹം എഴുതി:

'ഈ പ്രപഞ്ചത്തെയും മനുഷ്യനെയും ഒരു ഉന്നതശക്തി സൃഷ്ടിച്ചു എന്ന് മനസ്സിലാക്കുന്നതാണു എന്റെദൈവ വിശ്വാസം. ഇങ്ങനെ വിശ്വസിക്കാൻ എനിക്ക് യതൊരു തടസ്സവുമില്ല. എവിടെയൊക്കെ വ്യക്തമായ സംവിധാനം കാണാമോ അതിന്റെയൊക്കെ പിന്നിൽ ഒരു ബുദ്ധി ഉണ്ട്" (1936 ഏപ്രിൽ 12 ലെ ചിക്കാഗോ ഡെയിലി ന്യൂസിൽ കോമ്പ്റ്റൺ എഴുതിയ ലേഖനം).

ഇതുപോലെ ഓരോ ശാസ്ത്രജ്ഞന്റെയും പ്രസ്താവനകൾ ഉദ്ധരിക്കുകയാണെങ്കിൽ ലേഖനം നീണ്ടു പോകും എന്നതുകൊണ്ട്, ഇനി ദൈവവിശ്വാസികളായ ശാസ്ത്രജ്ഞരുടെ പേരുകൾ മാത്രം താഴെ കൊടുക്കുന്നു:

**(10) വില്യം ഫിലിപ്സ്:** അമേരിക്കക്കാരൻ. 1997ൽ ഫിസിക്സിൽ നോബൽ സമ്മാനം.

**(11) അർണോ പെൻസിയാസ്:** ജർമനിയിൽ ജനനം. അമേരിക്കൻ പൗരത്വം. ബിഗ് ബാംഗ് സിദ്ധാന്തത്തെ ബലപ്പെടുത്തുന്ന കോസ്മിക് തരംഗങ്ങളുടെ സാന്നിധ്യം കണ്ടത്തിയതിന്റെ പേരിൽ 1978ൽ നോബൽ സമ്മാനം.

**(12)നെവിൽമോട്ട്:** ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ. സെമി കണ്ടക്റ്ററുകളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾക്ക് 1977ൽ നോബൽ സമ്മാനം. അന്താരാഷ്ട്ര ഫിസിക്സ് കമ്മിറ്റിയുടെ പ്രസിഡന്റായി 5 വർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**(13) ഇസിഡോർ ഐസാക് റബി:** ഓസ്ട്രിയയിൽ ജനനം. അമേരിക്കയിൽ പൗരത്വം. ഫിസിക്സിൽ 1944ൽ നോബൽ സമ്മാനം.

**(14) ഡോ: അബ്ദുസ്സലാം:** പാക്കിസ്ഥാൻ പൗരൻ. 1979 ൽ നോബൽ സമ്മാനം. ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സിന്റെ (ഇറ്റലി) ഡയറക്റ്റർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**(15) ആന്റണി ഹെവിഷ്:** ബ്രിട്ടീഷ്, 1974ൽ നോബൽ സമ്മാനം.

**(16) ജോസഫ് ടെയിലർ:** അമേരിക്കക്കാരൻ, 1993ൽ നോബൽ സമ്മാനം.

ശാസ്ത്രമേഖലയിൽ ലഭിക്കാവുന്ന ഏറ്റവുംവലിയ അംഗീകാരമാണ് നോബൽ സമ്മാനം എന്നോർക്കുക. മുകളിൽ നാം കൊടുത്ത ലിസ്റ്റ് 1901 മുതൽ 2000 വരെ ഫിസിക്സിൽ മാത്രം നോബൽ സമ്മാനം നേടിയ 'ദൈവ വിശ്വാസികളായ'ശാസ്ത്രജ്ഞന്മാരുടെ ലിസ്റ്റാണ്. ഇത് കൂടാതെ കെമിസ്ട്രിയിലെയും വൈദ്യശാസ്ത്രത്തിലെയും നോബെൽ ജേതാക്കളായ ദൈവവിശ്വാസികളായ ശാസ്ത്രജ്ഞരുടെ ലിസ്റ്റ് വേറെയുമുണ്ട്. ഉദാഹരണമായി വൈദ്യശാസ്ത്രത്തിന്റെ ഗതിതന്നെ മാറ്റിയ പെനിസിലിൻ എന്ന ആന്റിബയോട്ടിക് കണ്ടെത്തിയതിനു നോബൽ സമ്മാനം നേടിയ അലക്സാണ്ടർ ഫ്‌ളമ്മിംഗ് ഒരു ക്രിസ്ത്യാനിയായിരുന്നു.

1901 മുതൽ 2000 വരെയുള്ള വിവിധ ശാസ്ത്രശാഖകളിലുള്ള മൊത്തം നോബൽ സമ്മാന ജേതാക്കളുടെ ലിസ്റ്റ് പരിശോധിച്ചാൽ അവരിൽ 65.4% പേരും ഏതെങ്കിലും ദൈവവിശ്വാസം ഉള്ളവരായിരുന്നു എന്ന് കാണാം. ഇത് മൊത്തത്തിലുള്ള കണക്കാണ്. ഇനി വേർതിരിച്ചുള്ള കണക്ക് നോക്കാം. ഈ 100 വർഷത്തിനിടയിൽ കെമിസ്ട്രിയിൽ നോബൽ സമ്മാനം നേടിയവരിൽ 72.5% പേരും, ഫിസിക്സിൽ നോബൽ നേടിയവരിൽ 65.3% പേരും വൈദ്യ ശാസ്ത്രത്തിൽ നോബൽ നേടിയവരിൽ 62% പേരും സമാധാനത്തിന് നോബൽ സമ്മാനം നേടിയവരിൽ 78.3% പേരും ദൈവവിശ്വാസികളായിരുന്നു. (Source: Baruch Shalev എഴുതിയ 100 Years of Nobel Prizes എന്ന പുസ്തകം).

ഈ കണക്കുകൾ പരിശോധിക്കുമ്പോൾ സ്വാഭാവികമായി ഉണ്ടായേക്കാനിടയുള്ള സംശയമുണ്ട്. അപ്പോൾ ബാക്കിയുള്ള 30-35% നോബൽ സമ്മാന ജേതാക്കൾ നിരീശ്വരവാദികളായിരുന്നോ എന്ന്. ഈ ധാരണയും തെറ്റാണ്. ബാക്കിയുള്ളവരിൽ പലരും അവരുടെ വിശ്വാസം എന്താണെന്ന് വെളിപ്പെടുത്താത്തവരാണ്. വേറെ ചിലർ 'അജ്ഞേയവാദികളാണ്. അഥവാ ദൈവം ഉണ്ടോ ഇല്ലേ എന്ന കാര്യത്തിൽ ഉറപ്പില്ലാത്തവർ/തീരുമാനിക്കാൻ കഴിയാത്തവർ ആണ്. അതായത് ദൈവം ഇല്ലെന്ന് പൂർണമായി നിഷേധിക്കാൻ അവർക്ക് മതിയായ തെളിവ് കിട്ടിയിട്ടില്ലെന്നർഥം. ഇതും ഒരു തരത്തിലുള്ള ദൈവ വിശ്വാസം തന്നെയാണല്ലോ. ഈ ഗണത്തിൽ പെടുന്ന പ്രശസ്തയാണ് 'റേഡിയോ ആക്റ്റിവിറ്റി' പ്രഭാവം ക

ണ്ടെത്തി നോബൽ സമ്മാനത്തിനർഹയായ മാഡം ക്യൂറി. ചുരുക്കത്തിൽ നോബൽ സമ്മാന ജേതാക്കളിലെ ഭൂരിപക്ഷം വരുന്ന പ്രഗത്ഭരായ ശാസ്ത്രജ്ഞരെല്ലാം പ്രപഞ്ചത്തിന് ഒരു കാരണക്കാരനുണ്ട് എന്ന് വിശ്വാസമുള്ളവരായിരുന്നു.

മുകളിൽ നാം കൊടുത്തത് നോബൽ ജേതാക്കളായവരുടെ പേരുകൾ മാത്രമാണ്. എന്നാൽ നോബൽ ജേതാക്കളല്ലാത്ത പ്രഗത്ഭർ വേറെയുമുണ്ട്. ഉദാഹരണമായി, തോമസ് ആൽവാ എഡിസനും നികോള ടെസ്‌ലയും. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് മേഖലക്ക് ഏറ്റവുംകൂടുതൽ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞർ ഇവർ രണ്ടുപേരുമായിരുന്നുവെന്ന് നിസ്സംശയം പറയാം. നാം ഇന്ന് ഉപയോഗിക്കുന്ന ഇലക്ട്രിക്കൽ ബൾബിന്റെ പ്രാഥമികരൂപം കണ്ടുപിടിച്ചത് തോമസ് എഡിസൺ ആയിരുന്നു. ഇന്ന് നാം ഉപയോഗിക്കുന്ന എ.സി കറന്റ് കണ്ടുപിടിച്ചത് നികോളാസ് ടെസ്‌ലയും. എഡിസന്റെ പേരിൽ 1000ൽ അധികം കണ്ടെത്തലുകളുടെ പേറ്റന്റ് ഉണ്ട്. എന്നിട്ടും ഇവർ രണ്ടുപേരും നോബൽ സമ്മാനത്തിന് എന്തുകൊണ്ട് അർഹരായില്ല എന്നത് ഏവരെയും അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. ഇവർ രണ്ടുപേരും ഏതെങ്കിലും പ്രത്യേക മതത്തിലെ അംഗങ്ങളായിരുന്നില്ലെങ്കിൽ കൂടി ഒരു ദൈവം ഉണ്ടെന്ന് അവർ വിശ്വസിച്ചിരുന്നതായി അവർ തന്നെ പറഞ്ഞതായി കാണാം.

ഈ അടുത്ത കാലത്ത് മരണപ്പെട്ട പ്രഗത്ഭനായ വാന-ഖഗോള ശാസ്ത്രജ്ഞനാണു (Astrophysicist) ഫ്രെഡ് ഹോയിൽ. അദ്ദേഹം ആദ്യകാലത്ത് പ്രപഞ്ചത്തിനു ഒരു തുടക്കമോ ഒരു തുടക്കക്കാരനോ (സ്രഷ്ടാവ്) ഇല്ല എന്ന വീക്ഷണക്കാരനായിരുന്നു. എന്നാൽ അവസാന കാലത്ത് അദ്ദേഹം തന്റെ നിലപാട് തിരുത്തുകയും പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടെന്നും അത് കൃത്യമായ പ്ലാനിങ്ങോടുകൂടി ഉണ്ടായതാണെന്നും യാദൃച്ഛികമായി ഉണ്ടാവുക സാധ്യമല്ലെന്നും സമ്മതിച്ചു. അദ്ദേഹം പറയുന്നത് കാണുക: "നിരവധി അമിനോ ആസിഡുകൾ കൂടിച്ചേർന്ന് ഒരു പ്രോടീൻ തന്മാത്ര സ്വയം ഉണ്ടായി എന്ന് പറയുന്നത്, കുറെ കണ്ണുപൊട്ടന്മാർ റൂബിക്സ് ക്യൂബ് പ്രശ്നം പരിഹരിച്ചു എന്ന് പറയുന്ന പോലെയാണ്"(Fred Hoyleന്റെ The intelligent Universe എന്ന പുസ്തകം)

വീണ്ടും അദ്ദേഹം പറയുന്നു: "ഇപ്രകാരം (താനെ) ജീവൻ രൂപപ്പെട്ടു എന്നു പറയുന്നത് ഒരു കാറ്റടിച്ചപ്പോൾ ഒരിടത്ത് കൂടിക്കിടക്കുന്ന പാഴ്‌വസ്തുക്കൾ എല്ലാം കൂടിച്ചേർന്ന് ഒരു ബോയിംഗ് 747 വിമാനം ഉണ്ടായി എന്ന് പറയുന്നത് പോലെ അസംബന്ധമാണ്" (അതേ പുസ്തകം, പേജ് 17). അദ്ദേഹം തുടരുന്നു: "ജീവൻ എന്നത് നമുക്ക് ഇന്ന് അറിയാവുന്നതുപോലെ ചുരുങ്ങിയത് രണ്ടായിരത്തോളം എൻസൈമുകൾ കൂടിച്ചേർന്നതാണ്. എങ്ങനെയാണ് അന്ധമായ ഒരു ശക്തി (താനെ) ചില രാസവസ്തുക്കൾ കൃത്യമായ അളവിൽ ചേർന്ന് എൻസൈം ഉണ്ടാക്കുന്നത്? (അതേ പുസ്തകം).

സൃഷ്ടി നടത്തിയ ഈ പ്രപഞ്ചശക്തി ഏതാണെന്ന് ഫ്രെഡ് ഹോയിലിനു കൃത്യമായ ധാരണയില്ല. അദ്ദേഹത്തിന്റെ നിഗമനം ഇങ്ങനെയാണ്: "നമ്മുടെതല്ലാത്ത മറ്റേതോലോകത്തുള്ള ഒരു ശക്തിയായിരിക്കും അത് ചെയ്തത്." 2001 ആഗസ്റ്റ് 20നാണ് ഫ്രെഡ് ഹോയിൽ മരിച്ചത്.

ഇന്ന് ജീവിച്ചിരിക്കുന്നവരിൽ പ്രമുഖനായ ഒരു വാനശാസ്ത്രജ്ഞനാണ് (Astrophysicist) കാനഡയിലുള്ള ഹ്യൂഗ് റോസ്സ്. അദ്ദേഹം ഒരു 'സൃഷ്ടിവാദി'യായ (പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്ന് വിശ്വസിക്കുന്ന) ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ വിഖ്യാതമായ ഒരു പുസ്തകത്തിന്റെ പേരുതന്നെ കാണുക: Creator and Cosmos: How the greatest scientific discoveries of the century reveals GOD (പ്രപഞ്ചവും സ്രഷ്ടാവും: ഈ നൂറ്റാണ്ടിലെ ശാസ്ത്രീയ കണ്ടെത്തലുകൾ ദൈവത്തെ വെളിപ്പെടുത്തിയ വിധം). ഈ പുസ്തകത്തിൽ എന്തുകൊണ്ട് അദ്ദേഹം ഒരു തികഞ്ഞ ദൈവവിശ്വാസിയായി എന്ന് അദ്ദേഹത്തിനു ബോധ്യമായ ശാസ്ത്രീയ തെളിവുകൾ ഉദ്ധരിച്ച് സ്ഥാപിക്കുണ്ട്.

ഈ വസ്തുതകളൊക്കെ പരിശോധിച്ചാൽ വ്യക്തമാകുന്നത്, ശാസ്ത്രപഠനം ഒരാളെ ദൈവ വിശ്വാസത്തിലേക്കാണ് എത്തിക്കുക. അല്ലാതെ യുക്തിവാദനിരീശ്വര വാദ പ്രസ്ഥാനക്കാർ പറയുന്നത് പോലെ 'ശാസ്ത്രം വളർന്നാൽ, ദൈവം തളരുക'യല്ല ചെയ്യുന്നത്. ഇത് ശാസ്ത്ര യുഗമാണെന്നും, മതവും ദൈവവിശ്വാസവും പഴഞ്ചനും പിന്തിരിപ്പനുമാണെന്നും പ്രചരിപ്പിക്കുന്നവർക്ക് മേൽ പറഞ്ഞ ശാസ്ത്രജ്ഞന്മാരുടെ ദൈവവിശ്വാസത്തെക്കുറിച്ച് എന്ത് പറയാനുണ്ട്?

കഴിഞ്ഞ ലക്കത്തിലും ഈ ലക്കത്തിലും നാം ചർച്ച ചെയ്തതിന്റെ രത്നച്ചുരുക്കം ഇങ്ങനെ എഴുതാം: 'ശാസ്ത്രബോധം കൂടുംതോറും ഒരു വ്യക്തിയിൽ ദൈവബോധം കുറയുകയല്ല; കൂടുകയാണു ചെയ്യുന്നത്. ഗൗരവമായ ശാസ്ത്ര പഠനം ഒരാളെ ദൈവനിഷേധിയാക്കുകയല്ല, മറിച്ച് ദൈവവിശ്വാസിയാക്കുകയാണ് ചെയ്യുക.' **(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 61, ഭാഗം: 3

# സ്വഫ്ഫ് (അണി)

(മക്കയിൽ അവതരിച്ചത്)

يُرِيدُونَ لِيُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَٱللَّهُ
مُتِمُّ نُورِهِۦ وَلَوْ كَرِهَ ٱلْكَـٰفِرُونَ ﴿٨﴾
هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ
ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ
ٱلْمُشْرِكُونَ ﴿٩﴾
يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ هَلْ أَدُلُّكُمْ عَلَىٰ تِجَـٰرَةٍ
تُنجِيكُم مِّنْ عَذَابٍ أَلِيمٍ ﴿١٠﴾

8. അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു.

9. സൻമാർഗവും സത്യമതവും കൊണ്ട്-എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചുകാണിക്കുവാൻ വേണ്ടി-തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി.

10. സത്യവിശ്വാസികളേ, വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?

8). അതിനാൽ അവരെപ്പറ്റി അല്ലാഹു പറയുന്നു: (അവർ അല്ലാഹുവിന്റെ പ്രകാശം ഊതിക്കെടുത്താനാണ് ഉദ്ദേശിക്കുന്നത്) അവരുടെ സത്യത്തിനെതിരായ മോശമായ പരാമർശം കൊണ്ട്. സത്യത്തെ നിരാകരിക്കുന്ന മോശമായ സംസാരംകൊണ്ട്. അതിൽ യാഥാർഥ്യമില്ല. മറിച്ച് അവർ നിലകൊള്ളുന്ന നിരർഥകത മനസ്സിലാകുമ്പോൾ ഉൾക്കാഴ്ച വർധിക്കുന്നു. (സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു) ഏതൊരു സത്യവുമായിട്ടാണോ അല്ലാഹു ദൂതന്മാരെ അയച്ചത്, ആ സത്യത്തെ പൂർത്തിയാക്കലും തന്റെ ദീനിനെ സഹായിക്കലും അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽ അവന്റെ പ്രകാശത്തെ പ്രകടമാക്കാനും. സത്യനിഷേധികൾ വെറുത്താലും ശരി. അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്താനുതകുന്ന, അവർക്ക് സാധിക്കുന്ന എല്ലാ വഴികളും സത്യത്തോടുള്ള അനിഷ്ടംമൂലം അവർ ഉപയോഗിക്കുന്നു. അവർ പരാജയപ്പെടുക തന്നെ ചെയ്യും. അവരുടെ ഉദാഹരണം സൂര്യനെ കെടുത്താൻ ഊതിക്കൊണ്ടിരിക്കുന്നവന്റെതാണ്. അവരുടെ ഉദ്ദേശ്യം നടക്കുകയില്ല. അവരുടെ ചിന്തകൾ വൈകൃതത്തിൽനിന്നും മാലിന്യത്തിൽനിന്നും മുക്തമല്ല.

**“ഏതൊരു സത്യവുമായിട്ടാണോ അല്ലാഹു ദൂതന്മാരെ അയച്ചത്, ആ സത്യത്തെ പൂർത്തിയാക്കലും തന്റെ ദീനിനെ സഹായിക്കലും അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽ അവന്റെ പ്രകാശത്തെ പ്രകടമാക്കാനും. സത്യനിഷേധികൾ വെറുത്താലും ശരി. അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്താനുതകുന്ന, അവർക്ക് സാധിക്കുന്ന എല്ലാ വഴികളും സത്യത്തോടുള്ള അനിഷ്ടംമൂലം അവർ ഉപയോഗിക്കുന്നു. അവർ പരാജയപ്പെടുക തന്നെ ചെയ്യും.”**

9). ആശയപരമായും അല്ലാതെയും ഇസ്‌ലാം മതം വിജയിക്കുകയും തെളിഞ്ഞുനിൽക്കുകയും ചെയ്യുന്നതിന്റെ കാരണമാണ് തുടർന്ന് പറയുന്നത്. (സന്മാർഗവും സത്യവും കൊണ്ട് തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ) അതായത് സൽക്കർമവും പ്രയോജനകരമായ അറിവുംകൊണ്ട്. അല്ലാഹുവിലേക്കും അവന്റെ ആദരണീയ ഭവനത്തിലേക്കുമെത്തിക്കുന്ന അറിവ്. അത് സൽക്കർമങ്ങളിലേക്കും സൽസ്വഭാവത്തിലേക്കും നയിക്കുന്നു. ഇഹപര നന്മയിലേക്ക് വഴികാണിക്കുന്നു. (സത്യമതവും കൊണ്ട്) അനുസരിക്കപ്പെടുന്ന മതം. അത് സത്യവും യഥാർഥവുമാണ്. അതിൽ ന്യൂനതയില്ല. ഒരു തരത്തിലുള്ള തകരാറുകൾക്കും അത് വിധേയമല്ല. മറിച്ച് അതിന്റെ കൽപനകൾ ഹൃദയങ്ങൾക്കും ആത്മാവുകൾക്കും ഭക്ഷണമാണ്; ശരീരങ്ങൾക്ക് ആശ്വാസവും. അതിന്റെ വിരോധങ്ങൾ ഉപേക്ഷിക്കുന്നതാകട്ടെ, എല്ലാ കുഴപ്പങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും സുരക്ഷ നൽകുന്നു. നബിﷺ നിയോഗിക്കപ്പെട്ട സന്മാർഗവും സത്യമതവും അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള ഏറ്റവുംവലിയ പ്രമാണവും തെളിവുമാണ്. ആ പ്രമാണം കാലംശേഷിക്കുന്നത്രയും ശേഷിക്കും. ബുദ്ധിമാൻ അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അതുമൂലം സന്തോഷവും ഉൾക്കാഴ്ചയും വർധിക്കും. (എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിച്ചു കാണിക്കാൻ) പ്രമാണങ്ങളും തെളിവുകളുംകൊണ്ട് അത് മറ്റു മതങ്ങളെക്കാൾ ഉന്നതമാകാൻ. അതിനെ നിലനിർത്തുന്നവർക്ക് വിജയമുണ്ടാകാനും.

എന്നാൽ ദീനിന്റെ കാര്യത്തിൽ എല്ലായ്പ്പോഴും ഇക്കാര്യം അനിവാര്യമാണ്. ജയിക്കുന്നൊരാൾക്കും ഈ മതത്തെ അതിജയിക്കാനാവില്ല. അതിനോട് തർക്കിക്കുന്ന ഒരു താർക്കികനും പരാജയപ്പെടാതിരിക്കില്ല. അതിന് ആധിപത്യവും വിജയവുമുണ്ടായിരിക്കും. എന്നാൽ ദീനിനോടൊപ്പം നിൽക്കുന്നവർ അതിനെ പുലർത്തുകയും അതിന്റെ വെളിച്ചം സ്വീകരിക്കുകയും ചെയ്താൽ മതകാര്യത്തിലും ഭൗതികകാര്യത്തിലും നന്മ വരുത്തുന്ന വഴി സ്വീകരിച്ചു. ഒരാളും അവർക്കുവേണ്ടി നിലകൊണ്ടില്ലെങ്കിലും അവർ സർവമതങ്ങളെയും അതിജയിക്കും. എന്നാൽ കേവലം മതത്തോടൊപ്പം നിൽക്കുകയും അതിനെ പാഴാക്കുകയും ചെയ്യുകയാണെങ്കിൽ അതവർക്ക് ഒരു ഉപകാരവും ചെയ്യില്ല. അതിനോടുള്ള അവഗണന അവരുടെ മേൽ ശത്രുവിന് അധികാരമുണ്ടാകാൻ കാരണമാകും. ചുറ്റുപാടുകൾ പഠിക്കുന്നവർക്കും, ആദ്യകാലക്കാരെയും പിൽക്കാലക്കാരെയും കുറിച്ച് ചിന്തിക്കുന്നവർക്കും ഇത് മനസ്സിലാകും.

10). ഇത് ഒരു ഉപദേശവും അറിയിപ്പും മാർഗനിർദേശവുമാണ്; പരമകാരുണികനിൽനിന്ന് തന്റെ അടിമകൾക്ക് മഹത്തായ ഒരു കച്ചവടത്തെക്കുറിച്ചും ശ്രേഷ്ഠമായ ഒരാവശ്യത്തെക്കുറിച്ചും ഉന്നതമായ ഒരാഗ്രഹത്തെക്കുറിച്ചും. അതുമൂലം വേദനയേറിയ ശിക്ഷയിൽനിന്ന് രക്ഷ കരസ്ഥമാക്കാനും നിത്യസുഖാനുഗ്രഹംകൊണ്ട് വിജയിക്കാനുമാകും. എല്ലാ ബുദ്ധിമാന്മാരും ചെന്നെത്തുന്ന, ഉൾക്കാഴ്ചയുള്ളവർ ആഗ്രഹിക്കുന്ന ഒരു കാര്യമാണ് ഇവിടെ കൊണ്ടുവന്നത്.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz

zameel



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 191 - ചോദ്യങ്ങൾ

1) ആരെങ്കിലും പ്രഭാതത്തിൽ സ്വൂഫിസം സ്വീകരിച്ചാൽ ഉച്ചയാകുമ്പോഴേക്കും അവൻ വിഡ്ഢിയാകുമെന്നും 40 ദിവസം സ്വൂഫികളുമായി സഹവസിച്ചാൽ അവന്റെ സർവമാനബുദ്ധിയും നഷ്ടപ്പെടുമെന്നും പറഞ്ഞത്?

(1) ഇബ്നു ഖൽദൂൻ (2) ഇമാം നവവി(റഹ്) (3) ഇമാം ശാഫിഈ(റഹ്)

2) നബി(സ)യുടെ ഹുജ്റയുമായി ബന്ധപ്പെട്ട ചരിത്രത്തിന്റെ എല്ലാ വശങ്ങളെയും സമഗ്രമായി പ്രതിപാദിക്കുന്ന ചരിത്രഗ്രന്ഥമായ 'ഹുജ്റത്തുന്നബിയ്യുടെ ചരിത്രവും വിധിയും' എന്ന അറബിഗ്രന്ഥത്തിന്റെ കർത്താവ്?

(1) ശൈഖ് ഇബ്നുബാസ് (2) സൈനീ ദഹ്ലാൻ (3) അബ്ദുറഹ്മാൻ സഅദ് അശ്ശത്‌രി

3) തുർക്കിയിലെ അയാസോഫിയക്ക് സമീപമുള്ള ...................... മ്യൂസിയം ലോകത്തിലെ തന്നെ സുപ്രധാന മ്യൂസിയങ്ങളിലൊന്നാണ്.

(1) കാപ്തോപ് (2) തോപ്കാപ് (3) അൽബദ്ർ

4) 'അൽഇഅ്തിക്വാദ്' എന്നതിന്റെ അർഥം?

(1) വിശ്വാസം (2) ആശ്വാസം (3) സഹായം

5) "അല്ലാഹുവിന്പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ ...................... പോലെയാകുന്നു..." (ക്വുർആൻ 29:41).

(1) കഴുതയുടെത് (2) കൊതുകിന്റെത് (3) എട്ടുകാലിയുടെത്

6) ഗലീലിയോ ഗലീലി ജീവിച്ച നൂറ്റാണ്ട്?

(1) പത്താം നൂറ്റാണ്ട് (2) 6ാം നൂറ്റാണ്ട് (3) എട്ടാം നൂറ്റാണ്ട്

7) 'ആധുനിക കെമിസ്ട്രിയുടെ പിതാവ് ' എന്നറിയപ്പെടുന്നത്?

(1) ലൂയിസ് പാസ്ച്ചർ (2) മൈക്കൽ ഫാരഡെ (3) റോബർട്ട് ബോയിൽ

8) 2005ലെ റിപ്പോർട്ടുകളനുസരിച്ച് അമേരിക്കയിൽ ...................... ലക്ഷത്തിലധികം സ്ത്രീപുരുഷന്മാർ വിവാഹം കഴിക്കാതെ ലൈംഗികമായ ആസ്വാദനങ്ങൾക്കുവേണ്ടി ഒന്നിച്ചു ജീവിക്കുന്നുണ്ട്.

(1) 50 (2) 30 (3) 60

9) സൂറതുസ്സ്വഫ്ഫ് അവതീർണമായത് എവിടെ വെച്ചാണ്?

(1) മദീനയിൽ (2) ത്വാഇഫിൽ (3) മക്കയിൽ

10) മക്കയിലെ പൗരാണിക ലൈബ്രറിയായി അറിയപ്പെട്ടിരുന്ന 'അൽമക്തബ മഹ്മൂദിയ്യ'യിൽ നിന്നും നിരവധി ഹദീഥ് ഗ്രന്ഥങ്ങൾ ഉൾപ്പെടുന്ന അത്യപൂർവ ശേഖരങ്ങൾ ഫഖ്‌രി ബാഷ കടത്തിക്കൊണ്ടുപോയത് എങ്ങോട്ട്?

(1) ദമാസ്ക്കസിലേക്ക് (2) ഫലസ്തീനിലേക്ക് (3) ഇറാനിലേക്ക്

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

ശാക്കിറ ടി.കെ, കൊല്ലം
mail@nerpatham.com



# യുവതയോട്

ആദർശധീരരായ് മാറിടേണം
ആവേശത്തോടെ നാം നീങ്ങിടേണം
ആദ്യന്തം പരലോക ചിന്തവേണം
ആത്മ വിചാരണ ചെയ്തിടേണം.

ലോകൈകനാഥനെ വാഴ്ത്തിടേണം
ലോകർക്കു സൽവഴി കാട്ടിടേണം
ലൗകിക മോഹം വെടിഞ്ഞിടേണം
ലക്ഷ്യം പരലോകമായിടേണം.

നന്മയിൽ മാത്സര്യബുദ്ധി വേണം
നാടിന്നുപകാരിയായിടേണം
നാഥനെ നന്നായറിഞ്ഞിടേണം
നാളേക്കായ് നന്മകൾ ചെയ്തിടേണം.

പാരിതിൽ മാതൃകയായിടേണം
പാപിയായ് മാറാതെ നോക്കിടേണം
പരിശുദ്ധ ദീനിന്റെ കർമമെല്ലാം
പാഥേയമായിട്ടൊരുക്കിടേണം.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 188

**ഒന്നാം സമ്മാനം:**
Mohammed Rafeek CP, Cheriyamundam, Machinghappara

**രണ്ടാം സമ്മാനം:**
Fathimath Ziya M, Kuthuparamba, Kannur

**മൂന്നാം സമ്മാനം:**
Ashiq Ubais, Kochutharayil, Alappuzha

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 SEPTEMBER 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**




QR കോഡ്
സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**